# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# നെടുങ്കുന്നം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2023-2024**



# കേരള സംസ്ഥാന ഓഡിറ്റ വകുപ്പ
# ജില്ലാ ഓഡിറ്റ് കാര്യാലയം
# കോട്ടയം-686001

**ഇ-മെയിൽ: doktm.ksad@kerala.gov.in**

**ഫോൺ : 0481-2564886**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എകെറ്റിഎം പി5/1894/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 09/12/2024
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നെടുങ്കുന്നം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : നെടുങ്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെടുങ്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എകെറ്റിഎം പി5/1894/2024 തീയ്യതി: 09/12/2024

## കോട്ടയം ജില്ലയിലെ നെടുങ്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ നെടുങ്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-10-2023 മുതൽ 31-08-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 15-11-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.മാത്യു ജേക്കബ് | ഡെപ്യൂട്ടി ഡയറക്ടർ | 05-11-2024 | 15-11-2024 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|

| | |
|---|---|
| 05-11-2024 | 15-11-2024 |

## ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.മായ ആർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി.സുനിത എം.എസ്., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.രഞ്ജിത്ത് എം., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.നിധിൻ കുമാർ പി.വി., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ബീന നൗഷാദ് | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീ.സജിത്ത് റ്റി | സെക്രട്ടറി | 01-04-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.അഭിലാഷ് പി.എം | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 12-07-2023 |
| ശ്രീമതി രേഖ. റ്റി സോമൻ | അസിസ്റ്റന്റ് സെക്രട്ടറി | 13-07-2023 | 31-03-2024 |
| ശ്രീ അനിൽ സെബാസ്റ്റ്യൻ | കൃഷി ഓഫീസർ | 01-04-2023 | 31-03-2024 |
| ഡോ അഞ്ജന എൻ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2023 | 25-08-2023 |
| ഡോ ആത്മശ്രീ എസ് | മെഡിക്കൽ ഓഫീസർ, ആയുർവേദം | 26-08-2023 | 23-12-2023 |
| ഡോ രേഷ്മ ആർ എ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 24-12-2023 | 31-03-2024 |
| ഡോ വെങ്കിട സ്വാമി ഇ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 01-04-2023 | 04-07-2023 |
| ഡോ ഷാന്റിന മരിയം ചാക്കോ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 04-07-2023 | 31-03-2024 |

| | | | |
|---|---|---|---|
| ശ്രീമതി പാർവതി വി ജി | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ശ്രീ ടോണി വർഗീസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 01-09-2023 |
| ശ്രീമതി ദിവ്യാമോൾ ആർ എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 02-09-2023 | 31-03-2024 |
| ശ്രീമതി ബ്ലെസ്സി ജോഷി | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2023 | 31-03-2024 |
| ശ്രീമതി ലൈലമോൾ വർഗീസ് | വി ഇ ഒ (നോർത്ത് സർക്കിൾ ) | 01-04-2023 | 14-07-2023 |
| ശ്രീ അർജുൻ മോഹൻ | വി ഇ ഒ (നോർത്ത് സർക്കിൾ ) | 14-07-2023 | 16-10-2023 |
| ശ്രീമതി നിവ്യ ഒ.എസ് | വി ഇ ഒ (നോർത്ത് സർക്കിൾ ) | 16-10-2023 | 31-03-2024 |
| ശ്രീമതി നിവ്യ ഒ.എസ് | വി ഇ ഒ (സൗത്ത് സർക്കിൾ ) | 17-10-2023 | 31-03-2024 |
| ശ്രീ അർജുൻ മോഹൻ | വി ഇ ഒ (സൗത്ത് സർക്കിൾ ) | 03-09-2023 | 16-10-2023 |
| ശ്രീമതി നിവ്യ ഒ.എസ് | വി ഇ ഒ (സൗത്ത് സർക്കിൾ ) | 17-10-2023 | 14-02-2024 |
| ശ്രീ.ഡിജിൻ ജോസ് | വി ഇ ഒ (സൗത്ത് സർക്കിൾ ) | 15-02-2024 | 31-03-2024 |
| ശ്രീമതി അക്ഷര എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 11-05-2023 |
| ശ്രീ.സന്തോഷ് റ്റി നായർ | അസിസ്റ്റന്റ് എഞ്ചിനീയർ | 20-09-2023 | 04-03-2024 |
| ഡോ.ബിനോയ് ജോർജ് | വെറ്ററിനറി സർജൻ | 01-04-2023 | 31-03-2024 |
| ശ്രീമതി സോണിയ ഫിലിപ്പ് | ഹെഡ്മിസ്ട്രസ് | 01-04-2023 | 31-03-2024 |
| ശ്രീമതി.ബിജി ചാക്കോ | അസിസ്റ്റന്റ് എഞ്ചിനീയർ | 12-05-2023 | 19-09-2023 |
| ശ്രീമതി. ലിറ്റി ദാസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 05-03-2024 | 31-03-2024 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത വ്യക്തമല്ല. | 1-1-1 |
| 2 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 3 | മൂലധന നിക്ഷേപത്തിന്റെ(Capital Contribution) മുന്നിരിപ്പ് വിശദാംശം ലഭ്യമല്ല | 1-1-2 |
| 4 | ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും കാലികമായിട്ടില്ല | 1-1-3 |
| 5 | സ്ഥിരനിക്ഷേപതുക -കണക്കുകൾ പൊരുത്തപ്പെടുന്നില്ല. | 1-1-4 |
| 6 | Government And Other Dues രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 1-1-5 |
| 7 | വരവ് തുക തെറ്റായ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിരിക്കുന്നു | 1-1-6 |
| 8 | ഫെസ്റ്റിവൽ അഡ്വാൻസ് ബാലൻസ് തുകയിൽ മുൻവർഷം നല്കിയ തുക ഉൾപ്പെട്ടിട്ടില്ല | 1-1-7 |
| 9 | തൊഴിലുറപ്പ് പദ്ധതി കണക്കുകൾ കൃത്യമായി അക്കൗണ്ട് ചെയ്തിട്ടില്ല | 1-1-8 |
| 10 | ബജറ്റ്-വിശകലനം | 1-2 |
| 11 | സാമ്പത്തിക വിശകലനം | 1-3 |
| 12 | ഗ്രാന്റുകളുടെ വിനിയോഗം | 1-4 |
| 13 | പദ്ധതി അവലോകനം | 1-5 |
| 14 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി | 1-6 |
| 15 | സാമൂഹ്യസുരക്ഷ പദ്ധതികൾ | 1-7 |
| 16 | കാഷ് ബാലൻസിന്റെ പരിശോധന | 1-8 |
| 17 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 18 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 19 | പഞ്ചായത്തിന്റെ കറന്റ് അക്കൗണ്ടുകളിൽ വൻതുക അവശേഷിക്കുന്നു | 1-11 |
| 20 | മേൽത്തരം തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ വസ്തുനികുതി വർദ്ധനവ് ബാധകമാക്കിയിട്ടില്ല | 1-12 |
| 21 | വസ്തുനികുതി പരിഷ്കരണം - വസ്തുനികുതി പരിഷ്കരണത്തിന്റെ അനുബന്ധമായ ഫീൽഡ് പരിശോധന പൂർത്തിയായിട്ടില്ല | 1-13 |
| 22 | റവന്യൂ പിരിവിലെ കുറവ് - 2024-25 വർഷം വികസന ഫണ്ട് (പൊതുവിഭാഗം) വിഹിതത്തിൽ കുറവു വരുന്നു | 1-14 |
| 23 | തനത് വരുമാനത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ പിരിവ് 99 ശതമാനമായിരുന്നിട്ടും 1%തുക പൊതുവിഭാഗം വികസനഫണ്ടിൽ നിന്നും കുറവ് ചെയ്തു | 1-15 |
| 24 | തൊഴിൽ നികുതി/സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല | 1-16 |

| | | |
|---|---|---|
| 25 | വാടക കുടിശ്ശിക ഒടുക്കാതെ കുത്തകാവകാശം ഒഴിഞ്ഞു | 1-17 |
| 26 | ലേലങ്ങളുടെ തുടർനടപടി വിവരങ്ങളില്ല | 1-18 |
| 27 | പിഎച്ച്സി നിർമ്മാണത്തിനായി ലഭിച്ച 1.4 കോടി രൂപ- സ്ഥലസൗകര്യം ലഭ്യമാകാത്തതിനാൽ നഷ്ടപ്പെടാൻ സാദ്ധ്യത | 1-19 |
| 28 | ഹരിതകർമ്മസേനയ്ക്ക് വാഹനം വാങ്ങൽ - റോഡ് ടാക്സ് തിരികെ ഈടാക്കിയില്ല | 1-20 |
| 29 | ഗ്രാമപഞ്ചായത്ത് കാര്യാലയത്തിനും എം.സി.എഫിനും വാങ്ങിയ സിസിടിവി നാളിതുവരെ സ്ഥാപിച്ചില്ല | 1-21 |
| 30 | ഷീലാ സ്മാരകലൈബ്രറി -ലൈബ്രറി കൗൺസിലിന്റെ അംഗീകാരം ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടില്ല | 1-22 |
| 31 | ഓണം അഡ്വാൻസ്-തിരികെ ഈടാക്കിയിട്ടില്ല. | 1-23 |
| 32 | പൊതു ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് വ്യക്തത ഇല്ല- വാട്ടർ ചാർജിനത്തിൽ അധിക തുക അടവാക്കുന്നു. | 1-24 |
| 33 | പഞ്ചായത്ത് കമ്മിറ്റി അംഗങ്ങളുടെ യാത്രാബത്ത- യാത്രാ ഡയറി ലോഗ് ബുക്കുമായി പൊരുത്തപ്പെടുന്നില്ല. | 1-25 |
| 34 | ഇന്റർലോക്ക് പേവർ ബ്ലോക്ക് പാകൽ-മോർഡ് സ്പെസിഫിക്കേഷൻ /ഡാറ്റ അടിസ്ഥാനമാക്കാത്തതിനാൽ അധികച്ചെലവ് | 1-26 |
| 35 | മാനങ്ങാടി കുടിവെള്ളപദ്ധതി -പദ്ധതി പ്രവർത്തനക്ഷമമല്ല. | 1-27 |
| 36 | പ്രവർത്തി പൂർത്തീകരണത്തിന് കാലതാമസം - നിയമാനുസൃത പിഴ ഈടാക്കിയില്ല- | 1-28 |
| 37 | ലൈഫ് ഭവന പദ്ധതി - അവലോകനം | 1-29 |
| 38 | മെൻസ്ട്രൽ കപ്പ് വതരണം-പ്രോജക്ട് നിർവ്വഹണം ഗുണപരമായില്ല | 1-30 |
| 39 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണ്ണമായി ലഭ്യമാക്കിയിട്ടില്ല | 1-31 |
| 40 | ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - കേരളത്തിലെ മാലിന്യ സംസ്ക്കരണം ഹരിത കർമ്മ സേനയിലൂടെ- | 1-32 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | ഇന്റർലോക്ക് പേവർ ബ്ലോക്ക് പാകൽ-മോർഡ് സ്പെസിഫിക്കേഷൻ /ഡാറ്റ അടിസ്ഥാനമാക്കാത്തതിനാൽ അധികച്ചെലവ് | 3-1 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക- ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്കുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |

| | | |
|---|---|---|
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ ഈടാക്കിയ തുകയുടെ വിവരം. | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1-1 ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത വ്യക്തമല്ല.

31/03/2024 തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത വ്യക്തമല്ല. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം അക്രുവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി അക്കൗണ്ടിങ്ങ് ആരംഭിച്ച 01/04/2011 ൽ പഞ്ചായത്ത് ജനറൽ ഫണ്ട് (കണക്ക് ശീർഷകം-310100101) നിർണ്ണയിച്ചപ്പോഴുള്ള ആധികാരിക ആസ്തി-ബാധ്യത രേഖയായ Opening Balance Receipt Payment (OBRP) Data സൂക്ഷിച്ചിട്ടില്ല. 2011-12 മുതൽ 2022-23 വരെ Excess Of Income Over Expenditure കണക്കാക്കിയ രേഖകളും 2023-24 ലെ അറ്റ പ്രവർത്തനമിച്ചം ക്യാരി ഓവർ ചെയ്തതിന്റെ രേഖകളും സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ട് മൂല്യം 31/03/2024 വരെയുള്ളത് വ്യക്തമാക്കുന്ന എല്ലാ രേഖകളും തയ്യാറാക്കി സൂക്ഷിക്കേണ്ടതും മറുപടിയിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. **നെടുംകുന്നം ഗ്രാമപഞ്ചായത്തിന്റെ** 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 27/06/2024 തീയതിയിലെ 1(1) നം. തീരുമാനം പ്രകാരം അംഗീകരിച്ച് 13/09/2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/ സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന

തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**<u>വിശേഷണങ്ങളോട് കൂടിയ അഭിപ്രായം</u>**

**അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, നെടുംകുന്നം ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31/03/2024-ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31/03/2024 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.**

**തീയതി:09.12.2024** **ഡെപ്യൂട്ടി ഡയറക്ടർ**

## <u>1-1-2 മൂലധന നിക്ഷേപത്തിന്റെ(Capital Contribution) മുന്നിരിപ്പ് വിശദാംശം ലഭ്യമല്ല</u>

മൂലധന നിക്ഷേപം (Capital Contribution) 5.18 കോടി രൂപ മൂല്യത്തിന്റെ മുന്നിരിപ്പിന്റെ വിശദാംശം 2011-12 മുതൽ 2022-23 വരെയുള്ളത് ഫണ്ട് അടിസ്ഥാനത്തിലും സാമ്പത്തിക വർഷം അടിസ്ഥാനത്തിലും ഡേറ്റ ലഭ്യമല്ല. മൂലധന വിഹിതം മുന്നിരിപ്പ് വിശദാംശം വ്യക്തമാക്കുന്ന Capital Contribution Register സൂക്ഷിച്ചിട്ടില്ല. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-58(3)(ബി) പ്രകാരം ഓരോ വർഷവും സുസ്ഥിര ആസ്തി സൃഷ്ടിക്കുന്ന ഗ്രാന്റ് ചെലവു മൂല്യം ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ആയി അക്കൗണ്ട് ചെയ്യേണ്ടതാണ്. ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ മുന്നിരിപ്പ് വിശദാംശം ഓരോ വർഷത്തേതും ഫണ്ട് തിരിച്ച് രജിസ്റ്ററിൽ ചേർക്കേണ്ടതും 31/03/2024 വരെയുള്ള വിശദാംശം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി മറുപടിയിൽ ലഭ്യമാക്കേണ്ടതുമാണ്.

## <u>1-1-3 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും കാലികമായിട്ടില്ല</u>

26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. 01/04/2023 ൽ മുന്നിരിപ്പായുള്ള പഞ്ചായത്തിന്റെ ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് ആധികാരികവും കാലികവുമായ അനുബന്ധ രേഖകൾ ഇല്ലാത്തതിനാൽ വ്യക്തമല്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന

ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസ് നിലവിലില്ല എന്നതിനാൽ വിവിധ മേഖലകളിലായുള്ള 31/03/2024 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള സുസ്ഥിര ആസ്തികളുടെ ആധികാരികതയും കൃത്യതയും വ്യക്തമല്ല.
പഞ്ചായത്തിന്റെ ആസ്തിവിവരങ്ങൾ എല്ലാം ക്രോഡീകരിച്ച ആസ്തി ഡേറ്റാബേസും (Asset Register/Database) വിവിധ നിർമ്മിതികളുടെയും സ്ഥാപനങ്ങളുടെയും റോഡുകളുടെയും സ്ഥാനം രേഖപ്പെടുത്തിയ റോഡ് കണക്ടിവിറ്റി മാപ്പും തയ്യാറാക്കി 31/03/2024 വരെയുള്ള ആസ്തി ഡിജിറ്റലൈസേഷൻ പൂർത്തിയാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

**1-1-4 സ്ഥിരനിക്ഷേപതുക -കണക്കുകൾ പൊരുത്തപ്പെടുന്നില്ല.**

സ്ഥിരനിക്ഷേപതുകയുമായി ബന്ധപ്പെട്ട കണക്കുകൾ വാർഷിക ധനകാര്യപത്രികയും ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്കുകളും ഇൻവെസ്റ്റ്മെന്റ് രജിസ്റ്ററുമായും പൊരുത്തപ്പെടുന്നില്ല. ബാങ്ക് പത്രിക പ്രകാരം 31.03.2024 ൽ നീക്കിയിരിപ്പുള്ള സ്ഥിര നിക്ഷേപം 2572922/- രൂപയാണ്. എന്നാൽ B-12 ഷെഡ്യൂൾ പ്രകാരമുള്ള സ്ഥിരനിക്ഷേപ തുക 2634769/- രൂപയാണ്. മേൽ വ്യത്യാസങ്ങൾ വിശദീകരിക്കപ്പെട്ടിട്ടില്ല.

**1-1-5 Government And Other Dues രജിസ്റ്റർ സൂക്ഷിക്കുന്നില്ല**

സർക്കാരിലേക്കും വിവിധ ഏജൻസികളിലേക്കും ഒടുക്കാനുള്ള തുകകളുടെ വിനിമയം നിരീക്ഷിക്കുന്ന Government And Other Dues രജിസ്റ്റർ സൂക്ഷിക്കുന്നില്ല. വിവിധ റിക്കവറികൾ ഒടുക്കാനുള്ളവയുടെ വിശദാംശം, ഇനം, ലഭിച്ച കാലയളവ് എന്നിവ ഉൾപ്പെടെ ലഭ്യമല്ല. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-58(2)(ഡി) പ്രകാരം ഓരോ മാസാന്ത്യത്തിലും സർക്കാർ റിക്കവറികളുടെ ഒടുക്ക് നിരീക്ഷിക്കേണ്ടതും ബന്ധപ്പെട്ട നടപടികൾ പൂർത്തിയാക്കേണ്ടതുമാണ്.
എസ്റ്റാബ്ലിഷ്മെന്റ് റിക്കവറികളുമായി ബന്ധപ്പെട്ട രജിസ്റ്ററും മറ്റ് സർക്കാർ റിക്കവറികളുടെ രജിസ്റ്ററും മുന്നിരിപ്പ് വിശദാംശം ഉൾപ്പെടുത്തി തയ്യാറാക്കേണ്ടതും ഓരോ മാസാവസാനവും സാമ്പത്തിക വർഷാവസാനവും കണക്കുകൾ ക്ലോസ് ചെയ്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

**1-1-6 വരവ് തുക തെറ്റായ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിരിക്കുന്നു**

ലേല വരവ് തുക 57,795/- രൂപ 340200102 Auction Deposit എന്ന ശീർഷകത്തിൽ തെറ്റായി അക്കൗണ്ട് ചെയ്തിരിക്കുന്നു.

**1-1-7 ഫെസ്റ്റിവൽ അഡ്വാൻസ് ബാലൻസ് തുകയിൽ മുൻവർഷം നല്കിയ തുക ഉൾപ്പെട്ടിട്ടില്ല**

B 18 ഷെഡ്യൂളിൽ ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ ബാലൻസ് നില്ക്കുന്ന തുകയിൽ മുൻവർഷം നല്കിയ 15000/- രൂപ ഉൾപ്പെട്ടിട്ടില്ല

**1-1-8 തൊഴിലുറപ്പ് പദ്ധതി കണക്കുകൾ കൃത്യമായി അക്കൗണ്ട് ചെയ്തിട്ടില്ല**

തൊഴിലുറപ്പ് പദ്ധതി വരവ് ചെലവ് തുക കാഷ് ബുക്ക് പ്രകാരവും വാർഷിക ധനകാര്യ പത്രിക പ്രകാരവും വ്യത്യാസപ്പെട്ടിരിക്കുന്നു.

## 1-2 ബജറ്റ്-വിശകലനം

2023-24 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 10.03.2023ലെ (3)-ാം നം. തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 03.02.24ലെ (2)-ാം നം. തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 1,40,51,770 | 2,13,69,308 |
| വരവ് | 19,84,59,000 | 10,50,82,000 |
| ആകെ | 21,25,10,770 | 12,64,51,308 |
| ചെലവ് | 20,49,12,000 | 9,67,82,000 |
| നീക്കിയിരിപ്പ് | 75,98,770 | 2,96,69,308 |

പുതുക്കിയ ബജറ്റ് പ്രകാരം 10.5 കോടി രൂപ വരവും 9.67 കോടി രൂപ ചെലവുമാണ് പ്രതീക്ഷിച്ചത്. 2022-23 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 11.1 കോടി രൂപയും ചെലവ് 11.2 കോടി രൂപയുമാണുള്ളത്.

ബജറ്റ് പ്രകാരം പ്രതീക്ഷിത ചെലവുകൾ മേഖലാടിസ്ഥാനത്തിൽ നിശ്ചയിക്കുന്നത് മാത്രമാണ് ചെയ്യുന്നത്. വിവിധ സ്റ്റാന്റിങ്ങ് കമ്മിറ്റികളുടെയും പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെയും ബജറ്റ് ശുപാർശകൾ പരിഗണിച്ച് മേഖലാടിസ്ഥാനത്തിൽ വിഹിതം വിഭജിച്ച് വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് ഉൾപ്പെടെ കൃത്യമായ വിഹിതം ക്യാപ്പിറ്റൽ-റവന്യൂ തിരിച്ച് നിശ്ചയിച്ചിട്ടില്ല. ബജറ്റ് തയ്യാറാക്കുമ്പോൾ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ഇപ്രകാരമുള്ള ഉപ-ശീർഷകങ്ങളായി (Sub-Head) ഉള്ള അലോട്ട്മെന്റുകൾ കൂടി കണക്കാക്കി ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

നെടുംകുന്നം ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തെ റസീറ്റ് & പേമെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ പത്രിക എന്നിവയിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷം വരവ്, ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവയും ചുവടെ ചേർക്കുന്നു.

**റസീറ്റ് & പേമെന്റ് പത്രിക 2023-24**

| | |
|---|---|
| മുന്നിരിപ്പ് (01/04/2023) | 3,32,27,704/- |
| ഓഡിറ്റ് വർഷത്തെ വരവ്(Receipt) | 5,24,29,068/- |
| ആകെ | 8,56,56,772/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ്(Payment) | 5,17,09,602/- |
| നീക്കിയിരിപ്പ് (31/03/2024) | 3,39,47,170/- |

**ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് 2023-24**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരുമാനം (Income) | 111926636/- |
| ഓഡിറ്റ് വർഷത്തെ ചെലവ് (Expenditure) | 112866541/- |
| പ്രവർത്തന നഷ്ടം (Gross Deficit) | (-)939905/- |
| ആകെ മുൻകാല അക്കൗണ്ടിങ്ങ് ക്രമീകരണം | 67815/- |
| അറ്റ പ്രവർത്തന നഷ്ടം (Net Deficit) | (-)1007720 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം (ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർച്ചാർജ് ചെയ്യാവുന്നത്) | 13,722/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5,11,174/- |

## 1-4 ഗ്രാന്റുകളുടെ വിനിയോഗം

നെടുങ്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷം പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിച്ചതും പഞ്ചായത്ത് ഫണ്ടിൽ നിലനിൽക്കുന്നതുമായ വിവിധ ഗ്രാന്റുകളുടെ വിനിയോഗം പട്ടികയിൽ ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ | 0 | 1,42,49,000/- | 1,42,49,000/- | 1,23,20,373/- | 19,28,627/- | 86 |
| വികസന ഫണ്ട്- SCSP | 0 | 59,46,000/- | 59,46,000/- | 51,96,125/- | 7,49,875/- | 87 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied | 5,07,523/- | 23,60,000/- 64812/- | 29,32,335/- | 24,12,577/- | *5,19,758/- | 82.27 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Tied | 22,88,212/- | 17,69,500/- | 40,57,712/- | 33,67,810/- | *6,89,902/- | 83 |

| | | | | | | |
|---|---|---|---|---|---|---|
| മെയിന്റനൻസ് ഗ്രാന്റ്- Non Road | 0 | 33,68,600/- | 33,68,600/- | 32,04,635/- | 1,63,965/- | 95 |
| മെയിന്റനൻസ് ഗ്രാന്റ്- Road | 0 | 52,20,000/- | 52,20,000/- | 35,57,498/- | 16,62,502/- | 68.15 |
| നിർമ്മൽ പുരസ്കാരം | 3811/- | 0 | 3811/- | 0 | 3811/- | - |
| ICDS ഫണ്ട് | 342086/- | 1163830/- | 15,05,916/- | 5,74,458/- | 9,31,458/- | - |
| ശുചിത്വ മിഷൻ | 0/- | 46,571/- | 46,571/- | 0/- | 46,571/- | - |
| ആരോഗ്യ ഗ്രാന്റ് – Dignostic Infra | 2,10,939 | 8,49,952/- | 10,60,891/- | 68,978/- | 9,91,913/- | 6.5 |
| ആരോഗ്യ ഗ്രാന്റ് – Building Sub-Centre | 59,352/- | 3,60,847/- | 4,20,199/- | 2,94,519/- | 1,25,680/- | - |
| ആയുർവേദ ഗ്രാന്റ് | 5,00,000/- | - | 5,00,000/- | 0 | 5,00,000/- | - |
| ജലനിധി ഗ്രാന്റ് | 51,70,510/- | 1,41,475/- | 53,11,985/- | 0 | 53,11,985/- | - |

*ധനകാര്യ കമ്മീഷൻ അടിസ്ഥാന ഗ്രാന്റിൽ റിട്ടെൻഷൻ, ഫൈൻ ഇനങ്ങളിൽ തനത് ഫണ്ട് അക്കൗണ്ടിലേയ്ക്ക് മാറ്റാനുള്ള തുക ഉൾപ്പടെയാണ് വാർഷിക കണക്കുകളിൽ ബാലൻസ് കാണിച്ചിട്ടുള്ളത്. വിവിധ ഗ്രാന്റുകളുടെ അലോട്ട്മെന്റ്, ചെലവ് എന്നിവ അക്കൗണ്ട് ചെയ്യതിലെയും വിനിയോഗത്തിലെയും അപാകതകൾ താഴെ ചേർക്കുന്നു.

1. ധനകാര്യ കമ്മീഷൻ അടിസ്ഥാന ഗ്രാന്റിൽ 64812/- രൂപ പലിശ വരവ് ഗ്രാന്റ് പത്രികയിൽ വരവായി ഉൾപ്പെട്ടിട്ടില്ല.

2. പഞ്ചായത്ത് ഫണ്ടിലുള്ള 320800199 ശീർഷകത്തിൽ മുന്നിരിപ്പുണ്ടായിരുന്ന 1,00,000/- രൂപ ഏതിനം ഗ്രാന്റ്/ഫണ്ടാണ് എന്ന് എ.സി.ആർ-ൽ ചേർത്തിട്ടില്ല.

പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ കണക്കുകളിലെ അപാകത പരിഹരിച്ച ശേഷം 2023—24 ACR ൽ എൻട്രി നടത്തി സാക്ഷ്യപ്പെടുത്തി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. സർക്കാർ ഗ്രാന്റുകളുടെയും മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും അലോട്ട്മെന്റ് കണക്കുകളിലും ചെലവ്/ക്രമീകരണങ്ങളിലും മേൽവിവരിച്ച പ്രകാരമുള്ള അപാകതകൾക്ക് വിധേയമായിട്ടാണ് റിപ്പോർട്ടിന്റെ അനുബന്ധം-2 പ്രകാരം ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം പുറപ്പെടുവിച്ചിട്ടുള്ളത്.

## 1-5 പദ്ധതി അവലോകനം

നെടുങ്കുന്നം ഗ്രാമപഞ്ചായത്തിന്റെ പതിനാലാം പഞ്ചവത്സര പദ്ധതിയുടെ (2022-27) രണ്ടാം വാർഷിക പദ്ധതിയ്ക്ക് (2023-24) ജില്ലാ ആസൂത്രണ സമിതിയുടെ ഉത്തരവ് നം. 83898/23/DPC/DPO/KTM തീയതി 12-03-2023 പ്രകാരം അംഗീകാരം ലഭിക്കുകയും 7-3-24 ലെ ഉത്തരവ് പ്രകാരം അന്തിമ അംഗീകാരം ലഭിക്കുകയും ചെയ്തിരുന്നു. ആകെ 223 പ്രോജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചത്. വാർഷിക പദ്ധതിയുടെ ആകെ അടങ്കൽ 14,69,99,292/- രൂപയാണ്. പദ്ധതി രൂപീകരണത്തിന് മുന്നോടിയായി ആസൂത്രണ സമിതിയുടെ യോഗം 23-12-22 ലും വർക്കിംഗ് ഗ്രൂപ്പിന്റെ യോഗം 30-12-22 ലും വികസന സെമിനാർ 17-2-23 ലും ചേർന്നിട്ടുണ്ട്. വ്യക്തിഗത ഗുണഭോക്തൃ ലിസ്റ്റിന് 10-05-23 മുതൽ നടന്ന ഗ്രാമസഭകളിൽ അംഗീകാരം ലഭിച്ചു. 2023-24 വർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ഏറ്റെടുത്ത പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | നിർവ്വഹണത്തിന് ഏറ്റെടുത്ത പ്രോജക്ടുകൾ | നടപ്പിലാക്കിയ പ്രോജക്ടുകൾ | അടങ്കൽ | ചെലവ് |
|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 6 | 12,05,530/- | 9,49,280/- |
| വെറ്ററിനറി സർജൻ | 8 | 7 | 33,17,000/- | 29,01,241/- |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി ) | 9 | 8 | 31,59,999/- | 18,29,691/- |
| മെഡിക്കൽ ഓഫീസർ ( ആയുർവേദം) | 1 | 1 | 6,00,000/- | 6,00,000/- |
| സബ്ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 1 | 1,71,200/- | 24,000/- |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 43,00,000/- | 16,24,561/- |
| വി.ഇ.ഒ | 31 | 22 | 8,83,25,121/- | 2,13,54,711/- |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 11 | 7 | 44,73,150/- | 30,45,863/- |
| സെക്രട്ടറി | 45 | 32 | 88,91,563/- | 66,67,646/- |
| അസി.എഞ്ചിനീയർ | 96 | 50 | 2,97,18,144/- | 1,03,24,670/- |
| ഹെഡ്മാസ്റ്റർ | 8 | 8 | 20,55,820/- | 20,09,420/- |
| അസി.സെക്രട്ടറി | 4 | 3 | 7,81,765/- | 6,61,972/- |

| | | | | |
|---|---|---|---|---|
| ആകെ | 223 | 147 | 14,69,99,292/- | 5,19,93,055/- |

**<u>സഞ്ചിതനിധിയിലേയ്ക്ക് 45.20 ലക്ഷത്തിലധികം രൂപ തിരികെ എടുക്കപ്പെട്ടു</u>**

ട്രഷറി നിയന്ത്രണങ്ങളാൽ സമയബന്ധിതമായി ബില്ലുകൾ മാറാൻ ഗ്രാമപഞ്ചായത്തിന് സാധിക്കാതിരുന്നതിനാൽ ചുവടെ ചേർക്കും പ്രകാരമുള്ള ഫണ്ടിനങ്ങൾ വർഷാവസാനം സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|
| വികസന ഫണ്ട്- ജനറൽ | 19,28,627/- | 86 |
| വികസന ഫണ്ട്- SCSP | 7,49,875/- | 87 |
| മെയിന്റനൻസ് ഗ്രാന്റ്- Non Road | 1,63,965/- | 95 |
| മെയിന്റനൻസ് ഗ്രാന്റ്- Road | 16,62,502/- | 68.15 |
| ആകെ | 45,04,969/- | |

റോഡ് മെയിന്റനൻസ് ഗ്രാന്റിൽ 68% തുക മാത്രമെ തൻവർഷം ചെലവഴിക്കാൻ സാധിച്ചിരുന്നുവെന്നത് നിർവ്വഹണത്തിലെ വീഴ്ചയിലേക്ക് വിരൽചൂണ്ടുന്നു. ബില്ലുകൾ ക്യൂവിൽ നിൽക്കുന്ന സാഹചര്യമുണ്ടായിരുന്നുവെങ്കിൽ കൂടി സർക്കാർ ഗ്രാന്റുകൾ എല്ലാം തന്നെ വളരെ കുറഞ്ഞ വിനിയോഗം മാത്രമെ കൈവരിച്ചിരുന്നുവെന്നതിലേക്ക് ഭരണസമിതിയുടെ സജീവ ശ്രദ്ധക്ഷണിക്കുന്നു.

**<u>മോണിറ്ററിംഗ്</u>**

കാര്യക്ഷമമായ മോണിറ്ററിംഗ് നടത്തുന്നതിനോ റിപ്പോർട്ടുകൾ നല്കുന്നതിനോ തെരഞ്ഞെടുക്കപ്പെട്ട മോണിറ്ററിംഗ് കമ്മറ്റികൾക്ക്/വർക്കിങ്ങ് ഗ്രൂപ്പുകൾക്ക് സാധിച്ചതായി കാണുന്നില്ല. മരാമത്ത് പ്രവൃത്തികളുടെ 1% എങ്കിലും പൊതുമരാമത്ത് മാനുവൽ നിഷ്കർഷിക്കുന്ന ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കണമെന്ന പദ്ധതി രൂപീകരണ മാർഗ്ഗരേഖ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല. സോഷ്യൽ ഓഡിറ്റ് നടത്തി പ്രോജക്ടുകളുടെ ഫലക്ഷമത വിലയിരുത്തൽ നടന്നതായും കാണുന്നില്ല.

**<u>1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി</u>**

ഗ്രാമപഞ്ചായത്തിലെ 15 വാർഡുകളിലെയും തൊഴിലാളികളെ ഉൾപ്പെടുത്തി തൊഴിലുറപ്പു പദ്ധതിയുടെ 2023-24 വർഷത്തെ ലേബർ ഗ്രാമസഭ കൂടുകയും 15 വാർഡുകളിലും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2023-24 വർഷം 54 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. ലേബർ ബജറ്റ് പ്രകാരം ആകെ വിഭാവനം ചെയ്ത 247 പദ്ധതികളിൽ 217 എണ്ണത്തിന് സാങ്കേതിക അനുമതി ലഭിക്കുകയും 57 പ്രോജക്ടുകൾ പൂർത്തീകരിക്കുകയും

ചെയ്തു. 39136 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 551 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി മഴക്കുഴി നിർമ്മാണം, കയ്യാല നിർമ്മാണം, തോട് ആഴംകൂട്ടി പുനരുദ്ധരിക്കൽ തുടങ്ങി മണ്ണ് ജലസംരക്ഷണ പ്രവൃത്തികൾ തൻവർഷം ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട്. കാഷ് ബുക്ക് പ്രകാരമുള്ള 2023-24 വർഷത്തെ വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കാഷ് | 9235 | 851960 | 861195 | 853178 | 8017 |
| ഇ.എഫ്.എം.എസ് | | 16746359 | 16746359 | 16746359 | |
| | 9235 | 17598319 | 17607554 | 17599537 | 8017 |

ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-7 സാമൂഹ്യസുരക്ഷ പദ്ധതികൾ

2023-24 വർഷം നെടുംകുന്നം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 5400 | 8 |
| വാർദ്ധക്യകാല പെൻഷൻ | 19,80,06,00/- | 1842 |
| കർഷക തൊഴിലാളി പെൻഷൻ | 17,76,400/- | 139 |
| വിധവാ പെൻഷൻ | 87,43,100/- | 832 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 5,70,000/- | 51 |
| വികലാംഗ പെൻഷൻ | 42,71,400/- | 194 |

## 1-8 കാഷ് ബാലൻസിന്റെ പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് 2023-24 വാർഷിക കണക്കുകളുടെ ഓഡിറ്റിന്റെ ഭാഗമായി നെടുംകുന്നം

ഗ്രാമപഞ്ചായത്തിൽ അക്കൗണ്ടന്റ്, ഫ്രണ്ട് ഓഫീസ് ക്യാഷ്യർ എന്നീ ജീവനക്കാരുടെ സാന്നിധ്യത്തിൽ 06/11/2024 തീയതിയിൽ 02:45 PM സമയത്ത് നടത്തുകയുണ്ടായി. ഭൗതിക പരിശോധനയിൽ 12580/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം വിലയിരുത്തിയതിൽ ശ്രദ്ധയിൽപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു. ജീവനക്കാരുടെ ചുമതലകൾ ഓഫീസ് ഉത്തരവുകൾ മുഖേന വിഭജിച്ച് നൽകിയിട്ടുണ്ട്. ജനറൽ കമ്മിറ്റി സ്റ്റാന്റിംഗ് കമ്മിറ്റി മിനിറ്റ്സ് കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. ബജറ്റ്, ധനകാര്യ പത്രിക എന്നിവ തയ്യാറാക്കി അംഗീകരിച്ചിട്ടുണ്ട്. വിവിധ അക്കൗണ്ടുകളുടെ പ്രതിമാസ റിക്കൺസിലിയേഷൻ തയാറാക്കിയിട്ടുണ്ട്. വസ്തുനികുതി ഉൾപ്പെടെയുള്ള നികുതി പിരിവുകൾ പൊതുവെ കാര്യക്ഷമമായിരുന്നില്ലായെന്ന് കാണുന്നു.

വാർഷിക പദ്ധതി നിർവഹണത്തിൽ, ലഭ്യമായ നിർവഹണ ഉദ്യോഗസ്ഥരുടെ സേവനം കൃത്യമായി വിനിയോഗിക്കാനും സർക്കാർ ഗ്രാന്റുകളിൽ മികച്ച ചെലവു പുരോഗതി കൈവരിക്കാനും കഴിഞ്ഞിട്ടില്ല. സ്പിൽ ഓവറായി അംഗീകാരം വാങ്ങിയ പല മരാമത്ത് പ്രോജക്ടുകളും നടപ്പാക്കിയില്ല. നടപ്പിലാക്കിയ പല പ്രോജക്ടുകളുടെയും ബില്ലുകൾ യഥാസമയം മാറാൻ സാധിക്കാതെ ക്യൂവിലായതിനാൽ സംരക്ഷണ ഗ്രാന്റ് റോഡ് ഇനത്തിൽ വലിയ തുക ലാപ്സായിട്ടുണ്ട്. പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട് കൃത്യമായ മോണിറ്ററിംഗ് ഉണ്ടായിരുന്നില്ല. ആഭ്യന്തര നിയന്ത്രണം കൂടുതൽ മെച്ചപ്പെടുത്തേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാന ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25/07/2022 – 26/07/2022 | 01/2022 – 03/2022 | A1/100/PAU/02/SS തീയതി-25/05/2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 02/03/2016-17/03/2016 | 2010-11 മുതൽ 2014-15 വരെ | LBA(HQ)II/1/8A-109/2018/19/231 തീയതി-07/06/2018 |

## 1-11 പഞ്ചായത്തിന്റെ കറന്റ് അക്കൗണ്ടുകളിൽ വൻതുക അവശേഷിക്കുന്നു

ഗ്രാമ പഞ്ചായത്ത് ഓൺലൈൻ പണമിടപാടുകൾ നടത്തുന്നതിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ നെടുംകുന്നം ശാഖയിൽ ഒരു കറന്റ് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. ഓൺലൈനായി ലഭിക്കുന്ന നികുതി

തുകകൾ പ്രസ്തുത അക്കൗണ്ടിലാണ് നിക്ഷേപിക്കപ്പെടുന്നത് (അക്കൗണ്ട് നം.36866054625). പ്രസ്തുത അക്കൗണ്ടിന്റെ 31.10.2024 വരെയുള്ള പാസ്സ്ബുക്ക് രേഖപ്പെടുത്തലുകൾ പ്രകാരം അക്കൗണ്ടിൽ ₹5058144/- രൂപ നീക്കിയിരുപ്പുണ്ട്. കൂടാതെ യു പി ഐ ഇടപാടുകൾക്കായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ നെടുംകുന്നം ശാഖയിൽ ആരംഭിച്ച കറന്റ് അക്കൗണ്ടിൽ (അക്കൗണ്ട് നം.42177209248). 31.10.2024 വരെയുള്ള പാസ്സ്ബുക്ക് രേഖപ്പെടുത്തലുകൾ പ്രകാരം ₹ 1274877/- രൂപയും നീക്കിയിരുപ്പുണ്ട്. പലിശരഹിതവും ബാങ്ക് ചാർജ് ഈടാക്കപ്പെടുന്നതുമായ പ്രസ്തുത അക്കൗണ്ടുകളിൽ ഗണ്യമായ തുക നിലനിർത്തിയിരിക്കുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/12.11.2024) സമർപ്പിച്ച മറുപടിയിൽ ടി തുക ഉടൻ തന്നെ ഇതേ ബാങ്കിൽ നിലവിലുള്ള എസ്.ബി അക്കൗണ്ടിലേയ്ക്ക് അടവാക്കുന്നതാണെന്നും തുടർന്ന് ശേഖരിക്കപ്പെടുന്ന തുകകൾ കൃത്യമായ ഇടവേളകളിൽ മാറ്റുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുടർനടപടികളുടെ വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

## 1-12 മേൽത്തരം തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ വസ്തുനികുതി വർദ്ധനവ് ബാധകമാക്കിയിട്ടില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജും) ചട്ടങ്ങളിലെ ചട്ടം-6-നു കീഴിലുള്ള പട്ടിക-6 പ്രകാരം 250 ചതുരശ്രമീറ്ററിൽ കൂടുതൽ വിസ്തൃതിയുള്ളതും മേൽത്തരം തറ നിർമ്മിതിയുള്ളതുമായ കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതിയുടെ 15% വർദ്ധനവ് കൂടി ചുമത്തിയാണ് നികുതി നിർണയം നടത്തേണ്ടത്. 250 ച.മീറ്ററിൽ കൂടുതൽ തറ വിസ്തൃതിയുള്ളതും മേൽത്തരം സാമഗ്രികൾ (മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ്) ഉപയോഗിച്ച് തറ നിർമിച്ചിട്ടുള്ളതുമായ കെട്ടിടങ്ങളെ ഒന്നായി പരിഗണിക്കുന്നതിനു പകരം വിവിധ മുറികളായി വിഭജിച്ച് നമ്പർ നൽകിയിനാൽ 15% വർദ്ധനവ് ബാധകമാകാതെ വരുന്നതായി അസസ്മെന്റ് ഡേറ്റാബേസ് പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. അപ്രകാരം വർദ്ധനവ് ബാധകമാക്കാത്ത കെട്ടിടത്തിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ഉടമ | കെട്ടിട നം. | വിസ്തീർണ്ണം (ച.മീ.) | കെട്ടിടത്തിന്റെ ഉപയോഗക്രമം |
|---|---|---|---|
| ലിജോ മാത്യു | 12/79 A | 40.36 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ |
| | 12/79 C | 98.73 | |
| | 12/79 D | 64.68 | |
| | 12/79 E | 36.85 | |
| | 12/79 H | 36.85 | |
| **ആകെ** | | 277.47 | |

ചട്ട പ്രകാരമുള്ള നികുതി വർദ്ധനവ് ബാധകമാകാത്തതിനാൽ ആകെ നികുതിയിനത്തിൽ ഗ്രാമപഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. ആയതിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16/ തീ.14.11.24) സമർപ്പിച്ച മറുപടിയിൽ, തറ വിസ്തീർണ്ണം സംബന്ധിച്ച വർദ്ധനവ് ടി കെട്ടിടങ്ങൾക്ക് വരാതിരുന്നത് സഞ്ചയ സോഫ്റ്റ്‌വെയറിന്റെ അപാകത മൂലമാണെന്നും ആയത് പരിഹരിക്കുന്നതിന് ഐ.കെ.എം.ന് കത്ത് നല്കുന്നതാണെന്നും അറിയിച്ചു. ആയതിനാൽ മേൽത്തരം തറ നിർമ്മിതിയുള്ള കെട്ടിടത്തെ വിഭജിച്ച് നമ്പർ നൽകുമ്പോൾ 15% വർദ്ധനവ് ബാധകമാകുന്ന രീതിയിൽ സോഫ്റ്റ്‌വെയറിൽ ക്രമീകരണം Information Kerala Mission മുഖേന നടത്തേണ്ടതാണ്. നികുതി വർദ്ധനവ് കൃത്യമാക്കി കുറവു വന്ന തുക കുടിശിക ഡിമാന്റായി അക്കൗണ്ട് ചെയ്ത് കെട്ടിട ഉടമയ്ക്ക് അറിയിപ്പ് നൽകി ഈടാക്കി വിവരമറിയിക്കേണ്ടതാണ്. സമാന രീതിയിൽ നികുതി നിർണ്ണയം നടത്തിയിട്ടുള്ള മറ്റു കെട്ടിടങ്ങളുടെ വിശദാംശങ്ങൾ പരിശോധിക്കേണ്ടതും ആവശ്യമെങ്കിൽ നികുതി പുനർനിർണ്ണയിക്കേണ്ടതുമാണ്.

## <u>1-13 വസ്തുനികുതി പരിഷ്കരണം - വസ്തുനികുതി പരിഷ്കരണത്തിന്റെ അനുബന്ധമായ ഫീൽഡ് പരിശോധന പൂർത്തിയായിട്ടില്ല</u>.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സ.ഉ.(കൈ) 77/2023 തീയതി 22.3.2023 പ്രകാരം 31.3.2023 വരെ നികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങളുടെ തറ വിസ്തീർണ്ണം, ഉപയോഗക്രമം എന്നിവയിലെ മാറ്റങ്ങൾ സംബന്ധിച്ച വിവരങ്ങൾ ഫോറം 9B കെട്ടിട ഉടമകളിൽനിന്ന് ശേഖരിച്ച് ഫീൽഡ് പരിശോധന നടത്തുന്നതിന് സർക്കാർ നിർദ്ദേശിച്ചിരുന്നു. ഗ്രാമപഞ്ചായത്തിലെ ഫീൽഡ് പരിശോധന നടപടികളുടെ നിലവിലെ സ്ഥിതി വിവരങ്ങൾ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (15/14.11.24) സമർപ്പിച്ച മറുപടിയിൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 3.6.23 ലെ 2-ാം നമ്പർ തീരുമാനപ്രകാരം 2 പേരെ ടി പ്രവൃത്തികൾക്കായി നിയോഗിച്ചിട്ടുണ്ടെന്നും ഒരാൾ നിലവിലും പ്രവൃത്തി തുടർന്നു വരുന്നതായും അറിയിച്ചു. വിവര ശേഖരണം പൂർത്തിയാക്കി ഡേറ്റാ എൻട്രി, ആവശ്യമായ ഉപരിപരിശോധനകൾ എന്നിവ നടത്തി നടപടിക്രമങ്ങൾ പൂർത്തീകരിച്ച് രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## <u>1-14 റവന്യൂ പിരിവിലെ കുറവ് - 2024-25 വർഷം വികസന ഫണ്ട് (പൊതുവിഭാഗം) വിഹിതത്തിൽ കുറവു വരുന്നു</u>

സ.ഉ.(കൈ) നം.179/2022/ധന. തീ: 18.10.2022 നമ്പർ ഉത്തരവിലെ നിർദ്ദേശം അനുസരിച്ച്, ഒരു സാമ്പത്തിക വർഷം റവന്യൂ പിരിവ് ശതമാനം 90% കൈവരിക്കാതിരുന്നാൽ അടുത്ത വർഷത്തെ വികസനഫണ്ട് (പൊതുവിഭാഗം) നിന്നും 1% കുറവ് ചെയ്യുന്നതാണ്. ഗ്രാമ പഞ്ചായത്തിൽ 2023-24 വർഷം റവന്യൂ ഇനങ്ങളുടെ പിരിവ് 89.9% മാത്രമായിരുന്നു. മറ്റ് റവന്യൂ വരവുകൾ ഉൾപ്പെടെ പിരിവ് ഡിമാൻഡ് തുകയുടെ 90% കൈവരിക്കാൻ സാധിക്കാത്തതിനാൽ 2024-25 വർഷം പൊതുവിഭാഗം വികസന ഫണ്ടിൽ നിന്നും 1% തുക കുറവു വരുത്തുന്നതാണ്. റവന്യൂ വരവിനങ്ങളുടെ പിരിവ് കാര്യക്ഷമമാക്കേണ്ടതും വികസനഫണ്ട് വിഹിതം കുറവ് ചെയ്യപ്പെടുന്ന സാഹചര്യം തുടർ വർഷങ്ങളിൽ ഒഴിവാക്കേണ്ടതുമാണ്.

## **1-15 തനത് വരുമാനത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ പിരിവ് 99 ശതമാനമായിരുന്നിട്ടും 1%തുക പൊതുവിഭാഗം വികസനഫണ്ടിൽ നിന്നും കുറവ് ചെയ്തു**

2023-24 വികസന ഫണ്ടിന്റെ മൂന്നാം ഗഡു പ്രാദേശിക സർക്കാരുകൾക്ക് അനുവദിച്ചത് ധനകാര്യ (എസ് എഫ് സി സെൽ-എ) വകുപ്പിന്റെ 22/03/2024 -ലെ സ. ഉ (സാധാ) നം.2858/2024 നമ്പർ ഉത്തരവ് പ്രകാരമാണ്. ധനകാര്യ (എസ് എഫ് സി സെൽ-എ) വകുപ്പിന്റെ 18/10/2022 -ലെ സ. ഉ (സാധാ) നം.179/2022/ധന നമ്പർ ഉത്തരവ് പ്രകാരം 2022-23 സാമ്പത്തിക വർഷം ഡിമാന്റ് ചെയ്ത തനതു വരുമാനത്തിന്റെ 90% എങ്കിലും ശേഖരിക്കാത്ത പ്രാദേശിക സർക്കാരുകളുടെ പട്ടികയിൽ നെടുംകുന്നം ഗ്രാമ പഞ്ചായത്തിനെക്കൂടി ഉൾപ്പെടുത്തി 3-ാം ഗഡുവിൽ നിന്ന് 1 % തുകയായ 1,42,490/- രൂപ കുറവു ചെയ്യുകയുണ്ടായി. എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തെ വസ്തു നികുതി തന്നാണ്ട്, കുടിശ്ശിക എന്നിവ ഉൾപ്പെടെ 11 വാർഡുകളിൽ നിന്ന് 100 % തുകയും പൂർണ്ണമായി പിരിച്ചെടുത്തിട്ടുള്ളതും ആകെ ഡിമാന്റ് തുകയുടെ 99.2% തുകയും (Under Stay ഉൾപ്പെടെ) പിരിച്ചെടുത്തിട്ടുള്ളതുമാണ്. ഗ്രാമ പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സുകളിൽ നിന്നുള്ള വാടക, IFTEOS ലൈസൻസ് ഫീസ്, ആശുപത്രി/പാരാമെഡിക്കൽ രജിസ്ട്രേഷൻ ഫീസ് എന്നീ ഇനങ്ങളിൽ 100 % തുകയും തൊഴിൽ നികുതി ആകെ ഡിമാന്റിന്റെ 98.03% തുകയും 2022-23 ൽ പിരിച്ചെടുത്തിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട വിവിധ ഇനങ്ങളിലുള്ള തനതു വരുമാനത്തിന്റെ 98.5% തുകയും പിരിച്ചെടുത്തിട്ടുള്ളതിനാൽ 2023-24 ബഡ്ജറ്റ് പ്രകാരം ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട വികസന ഫണ്ടിൽ നിന്നും ക്രമവിരുദ്ധമായി കുറവു ചെയ്ത 1% തുകയായ 1,42,490/- രൂപ ഗ്രാമ പഞ്ചായത്തിന് തിരികെ അനുവദിക്കണമെന്ന് സർക്കാരിനോട് ഭരണസമിതി ഐകകണ്ഠ്യേന അഭ്യർത്ഥിച്ചു തീരുമാനിച്ചു (23-3-24 ലെ 1/13 നമ്പർ തീരുമാനം). പഞ്ചായത്ത് ഡയറക്ടർ പ്രസിദ്ധീകരിക്കുന്ന പട്ടിക അടിസ്ഥാനത്തിലാണ് ടി കുറവ് വരുത്തുന്നത് എന്നിരിക്കെ ഗ്രാന്റിൽ നിന്നും പ്രസ്തുത കുറവ് വരുത്തിയത് വകുപ്പ് ഡയറക്ടറുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നോയെന്നത് വ്യക്തമല്ല. ഗ്രാന്റിൽ നിന്നും കുറവ് ചെയ്ത തുക തിരികെ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## **1-16 തൊഴിൽ നികുതി/സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല**

തൻവർഷത്തെ തൊഴിൽ നികുതി വരവുകൾ പരിശോധിച്ചതിൽ, ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതിയും, സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽനികുതിയും ഈടാക്കിയിട്ടില്ലായെന്ന് കാണുന്നു.

**എ) <u>ജീവനക്കാരുടെ തൊഴിൽനികുതി ഒടുക്കാത്ത സ്ഥാപനങ്ങൾ</u>**

| ക്രമ നമ്പർ | സ്ഥാപനം | നികുതി ഒടുക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | പി.ജി.എം.കോളേജ് | 1, 2 |
| 2 | എസ്.ബി.ഐ | 1 |

| | | |
|---|---|---|
| 3 | സെന്ട്രൽ ഫിൻ ക്രെഡിറ്റ്& ഇൻവെസ്റ്റ്മന്റ് കോർപ്പറേഷൻ | 1 |
| 4 | നെടുംകുന്നം അർബൻ നിധി ലിമിറ്റഡ് | 1 |
| 5 | റബ്ബർ കർഷക കോ ഓപ്പറേറ്റീവ് സൊസൈറ്റി | 1,2 |
| 6 | റൂറൽ ഹൗസിംഗ് കോ ഓപ്പറേറ്റീവ് ലി. | 1,2 |
| 7 | പുതിയ പറമ്പിൽ എന്ററർപ്രൈസസ് | 1,2 |
| 8 | ഹോളി ഫാമിലി റബ്ബർ പ്രോഡക്റ്റ്സ് | 1,2 |
| 9 | മോഡേൺ മൾട്ടി സ്പെഷ്യാലിറ്റി ഡെന്റൽ ക്ളിനിക്ക് | 1,2 |
| 10 | ന്യൂ ഇൻഡ്യ അഷ്യുറൻസ് | 1,2 |
| 11 | ആവേ മരിയ എൻജിനീയറിംഗ് | 1,2 |
| 12 | അക്ഷയ കേന്ദ്രം | 1 |
| 13 | മുത്തൂറ്റ് മിനി ഫിനാൻസ് ലിമിറ്റഡ് | 2 |
| 14 | നെടുംകുന്നം ക്ഷീരോല്പാദക സഹകരണ സംഘം | 1,2 |
| 15 | കൊച്ചുകുളം ക്ഷീരോല്പാദക സഹകരണ സംഘം | 1,2 |

| | | |
|---|---|---|
| 16 | മാന്തുരുത്തി ക്ഷീരോല്പാദക സഹകരണ സംഘം | 1,2 |
| 17 | പരുത്തിമൂട് ക്ഷീരോല്പാദക സഹകരണ സംഘം | 1,2 |

ബി) <u>സ്ഥാപന തൊഴിൽനികുതി ഒടുക്കാത്തവ</u>

| ക്രമ നമ്പർ | സ്ഥാപനം | നികുതി ഒടുക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | നെടുങ്കുന്നം സർവ്വീസ് സഹകരണ ബാങ്ക് (2 ബ്രാഞ്ചുകൾ) | 1, 2 |
| 2 | നെടുങ്കുന്നം സൗത്ത് സർവ്വീസ് സഹകരണ ബാങ്ക് (3 ബ്രാഞ്ചുകൾ) | 1,2 |
| 3 | എസ്.ബി.ഐ | 1,2 |
| 4 | ആക്സിസ് ബാങ്ക് | 1,2 |
| 5 | സെൻട്രൽ ഫിനാൻസ് ക്രെഡിറ്റ് & ഇൻവെസ്റ്റ്മെൻറ് | 1 |
| 6 | സൗത്ത് ഇൻഡ്യൻ ബാങ്ക് | 2 |

പ്രസ്തുത സ്ഥാപനങ്ങളുടെയും, ജീവനക്കാരുടെയും തൊഴിൽനികുതി ഈടാക്കാതിരുന്നതിൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (11/13.11.24) സമർപ്പിച്ച മറുപടിയിൽ സ്ഥാപനങ്ങൾക്ക് അറിയിപ്പ് നല്കുന്നതാണെന്നും നികുതി കുടിശ്ശിക ഈടാക്കി വിവരം അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മേൽ സ്ഥാപനങ്ങളിൽ നിന്നും പലിശ സഹിതം നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

സി) <u>ജീവനക്കാരുടെ തൊഴിൽ നികുതി – കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല</u>

ജീവനക്കാരുടെ തൊഴിൽ നികുതി അക്രു ചെയ്യാത്ത വരവിനമായതിനാൽ കുടിശ്ശിക ബാലൻസ് ഷീറ്റിൽ

പ്രതിഫലിക്കുകയില്ല. ആയതിനാൽ ടിയിനത്തിലെ കുടിശ്ശികയുടെ കണക്കുകൾ നിരീക്ഷിക്കുന്നതിന് കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടത് അനിവാര്യമാണ്. ഗ്രാമ പഞ്ചായത്തിൽ തൻവർഷം ഒട്ടേറെ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ നികുതിയിനത്തിൽ പിരിഞ്ഞു കിട്ടേണ്ട തുകകൾ മുഴുവനും കൃത്യമായി ലഭിച്ചിട്ടുണ്ടോയെന്ന് നിരീക്ഷിക്കുന്നതിന് സംവിധാനമില്ല. തൊഴിൽ നികുതി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും കുടിശ്ശിക പൂർണ്ണമായും ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 1-17 വാടക കുടിശ്ശിക ഒടുക്കാതെ കുത്തകാവകാശം ഒഴിഞ്ഞു

2023-24 വർഷത്തെ വാടക ഡിമാന്റ് രജിസ്റ്ററും ഫയലുകളും പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള (IV/282) നമ്പർ കടമുറിയുടെ കുത്തകക്കാരൻ ഒഴിഞ്ഞെങ്കിലും വാടക കുടിശ്ശിക നാളിതുവരെ ഒടുക്കിയിട്ടില്ലായെന്ന് കാണുകയുണ്ടായി. വിശദമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാടകക്കാരന്റെ പേര് | ഷോപ്പിംഗ് കോംപ്ലക്സ് /റൂം നമ്പർ | പ്രതിമാസ വാടക | വാടക നിക്ഷേപം | കുടിശ്ശിക മാസം | അഭിപ്രായക്കുറിപ്പുകൾ |
|---|---|---|---|---|---|---|
| 1 | രാജേഷ് കെ ജോസഫ് കുറ്റിയ്ക്കൽ, നെടുംകുന്നം | Room No IV/281 | 945+172(GST) | 10800 | 05/2023 മുതൽ - 02/2024 വരെ | 2024മാർച്ച് മാസത്തെ വാടക ഈടാക്കിയിട്ടുണ്ട് |

പ്രസ്തുത അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (18/14.11.2023) സമർപ്പിച്ച മറുപടിയിൽ കുത്തകക്കാരൻ 2024 ഏപ്രിൽ മുതൽ കടമുറി ഒഴിയുന്നതായി രേഖമൂലം അറിയിച്ചിരുന്നുവെന്നും ആയത് പ്രകാരം വാടക നിക്ഷേപ ഇനത്തിലുള്ള 10800/- രൂപ വാടക ഇനത്തിലും ജി.എസ്.റ്റി ഇനത്തിലും ക്രമീകരിച്ചതായും ശേഷിക്കുന്ന തുക ടിയാളിൽ നിന്നും ഈടാക്കി അറിയിക്കുന്നതാണെന്നും സെക്രട്ടറി വിശദീകരിച്ചിട്ടുണ്ട്. കുടിശ്ശിക തുക പലിശ സഹിതം ഈടാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-18 ലേലങ്ങളുടെ തുടർനടപടി വിവരങ്ങളില്ല

ഗ്രാമപഞ്ചായത്ത് ഭരണസമിതി ആസ്തികളുടെ ലേലവുമായി ബന്ധപ്പെട്ട് തൻവർഷം ചുവടെ ചേർത്തിരിക്കുന്ന തീരുമാനങ്ങൾ കൈകൊണ്ടിട്ടുണ്ട്. എന്നാൽ പ്രസ്തുത ലേലങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങൾ ലേല രജിസ്റ്ററിലോ, ഫയലുകളിലോ ലഭ്യമല്ല. തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.

**1. തീരുമാന നം. 6(1)/10.05.2023**

പ്രോജക്ട് നമ്പർ 32/23 വീരൻമല കുടിവെള്ള പദ്ധതി പുനരുദ്ധാരണം എന്ന പദ്ധതിയിലുൾപ്പെടുത്തി മെയിന്റനൻസ് വേലകൾ നിർവ്വഹിച്ചതിന്റെ ഭാഗമായി കുളത്തിന്റെ മൂടിയിൽ സ്ഥാപിച്ചിരുന്ന ഇരുമ്പു വലയും അതിനോട് ചേർന്നുള്ള പൈപ്പും മാറ്റിയിട്ടുള്ളതാണെന്നും ഇരുമ്പു വലയ്ക്ക് 18

രൂപ നിരക്കിൽ 130 കിലോയ്ക്ക് 2340/- രൂപയും 10കിലോ ജി ഐ പൈപ്പിന് 30/- രൂപ നിരക്കിൽ 300/- രൂപയും ഉൾപ്പെടെ 2640/- രൂപ വില വരുന്നതാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ടി സ്ക്രാപ്പുകൾ ലേലം ചെയ്യുന്നതിന് യോഗം സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകി തീരുമാനിച്ചു.

**2. <u>തീരുമാന നം. 6(2)/10.05.2023</u>**

പ്രോജക്റ്റ് നമ്പർ 225/23 71 -ാം നമ്പർ മുളയംവേലി അങ്കണവാടി മെയിന്റനൻസ് എന്ന പദ്ധതിയിലുൾപ്പെടുത്തി മെയിന്റനൻസ് വേലകൾ നിർവ്വഹിച്ചതിന്റെ ഭാഗമായി പഴകിയതും ദ്രവിച്ചതുമായ ജനലും വെന്റിലേഷനും മാറ്റി വയ്ക്കുകയുണ്ടായി ടി ജനലും വെന്റിലേഷനും കാലപഴക്കത്താൽ ദ്രവിക്കുകയും കോൺക്രീറ്റ് ജനൽ, കട്ടിള പൊടിയുകയും ജനൽപാളികൾ കേടുപാടുകൾ സംഭവിച്ചിട്ടുള്ളതുമാണ് സ്ക്രാപ് വാല്യു നിരക്കിൽ 450/- രൂപ ജനലിനും 2 വെന്റിലേഷനുംകൂടി 250/- രൂപ നിരക്കിൽ 500/- രൂപയും ഉൾപ്പെടെ 950/- രൂപ വില വരുന്നതാണെന്നുള്ള അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ ടി സ്ക്രാപ്പുകൾ ലേലം ചെയ്യുന്നതിന് യോഗം സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകി തീരുമാനിച്ചു.

**3. <u>തീരുമാന നം. 6(3)/10.05.2023</u>**

പ്രോജക്റ്റ് നമ്പർ (169/23) പാറയ്ക്കൽ അങ്കണവാടി പുനരുദ്ധാരണം എന്ന പദ്ധതിയിലുൾപ്പെടുത്തി 2-ാം വാർഡിലെ പാറയ്ക്കൽ അങ്കണവാടിയുടെ മെയിന്റനൻസ് വേലകൾ നിർവ്വഹിച്ചതിന്റെ ഭാഗമായി ജി ഐ ഷീറ്റ് മാറ്റി സ്ഥാപിയ്ക്കുകയുണ്ടായി. അതിന്റെ ഭാഗമായി നീക്കം ചെയ്ത പഴകിയതും കാലപഴക്കത്താൽ കേടുപാടുകൾ സംഭവിച്ചതുമായ ടി 50 കിലോ ജി ഐ ഷീറ്റുകൾ സ്ക്രാപ് വാല്യു കിലോയ്ക്ക് 18 രൂപ പ്രകാരം 900/- രൂപ നിരക്കിൽ ഈടാക്കി ലേലം ചെയ്യുന്നതിന് യോഗം സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകി തീരുമാനിച്ചു.

**4. <u>തീരുമാന നം. 25(2)/24.06.2023</u>**

നെടുംകുന്നം ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കൊഴുങ്ങാലൂർ ചിറയ്ക്ക് സമീപം മൃഗാശുപത്രി കെട്ടിട നിർമ്മാണത്തിന് വിട്ടു നൽകിയ നെടുംകുന്നം വില്ലേജിൽ ബ്ലോക്ക് നം. 17 ൽ റീസർവ്വെ 85/14-1 ൽപ്പെട്ട 2.94 ആർ വസ്തുവിൽ കെട്ടിട നിർമ്മാണത്തിന് തടസ്സമായി നിൽക്കുന്ന 1 തേക്ക്, 2 മഹാഗണി എന്നീ മരങ്ങൾ മുറിച്ചു മാറ്റി ടി മരങ്ങൾ ലേലം ചെയ്യുന്നതിന് തീരുമാനിച്ചു. സെക്രട്ടറിയെ ചുമതലപ്പെടുത്തിയ ടി ലേലങ്ങളിൽ സ്വീകരിച്ച തുടർനടപടികളുടെ വിവരങ്ങൾ, ലേല ഡയറി എന്നിവ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (9/12.11.2024) ലേല നടപടികൾ പൂർത്തിയാക്കി അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി . മേൽ തീരുമാനങ്ങൾ നടപ്പാക്കിയ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## <u>1-19 പിഎച്ച്സി നിർമ്മാണത്തിനായി ലഭിച്ച 1.4 കോടി രൂപ- സ്ഥലസൗകര്യം ലഭ്യമാകാത്തതിനാൽ നഷ്ടപ്പെടാൻ സാദ്ധ്യത</u>

നെടുംകുന്നം ഗ്രാമപഞ്ചായത്ത് പി.എച്ച്.സി കെട്ടിടത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ വളരെ പരിമിതമാണ്. പുതിയ കെട്ടിടം പണിയുന്നതിന് എൻ.എച്ച്.എം മുഖേന 1.40കോടി രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ നിലവിലുള്ള ഭൂമിയുടെ സ്ഥലപരിമിതി മൂലം പ്രസ്തുത സ്ഥലത്ത് നിർമ്മാണം സാധ്യമല്ലാത്തതിനാൽ ഗ്രാമപഞ്ചായത്ത് പുതിയ സ്ഥലം കണ്ടെത്തി നൽകണമെന്ന് മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) പഞ്ചായത്ത്

ഭരണസമിതിയെ അറിയിച്ചിരുന്നു. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഭൂമിയില്ലാത്തതിനാൽ അനുയോജ്യമായ സ്ഥലം വിലകൊടുത്ത് വാങ്ങേണ്ടുന്ന സാഹചര്യം വിലയിരുത്തിയ ഭരണസമിതി തനത് ഫണ്ട് പരിമിതമായതിനാൽ ജലനിധി അക്കൗണ്ടിൽ അവശേഷിക്കുന്ന തുക വിനിയോഗിച്ച് 50 സെന്റ് സ്ഥലം വാങ്ങുന്നതിന് ബഹു. കേരള സർക്കാരിനോട് അഭ്യർത്ഥിച്ച് തീരുമാനിച്ചിരുന്നു (തീരുമാന നം. 1(4)/12.04.2023). സർക്കാർ അനുമതിയും ഫണ്ട് ലാപ്സാകാതിരിക്കുവാൻ സ്വീകരിച്ച തുടർ നടപടികളും വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 14/14-11-24) മറുപടി ലഭ്യമാക്കിയില്ല. സർക്കാരിൽ നിന്നും അനുമതി ലഭ്യമായില്ലായെന്ന് ഓഡിറ്റ് സമാപനയോഗത്തിൽ അറിയിച്ചിട്ടുണ്ട്. നിലവിൽ അനുവദിച്ച 1.4 കോടി രൂപ അനുയോജ്യമായ സ്ഥലലഭ്യതയില്ലാത്തത് മൂലം നഷ്ടമാവുന്ന സ്ഥിതി വിശേഷമാണ് ഉള്ളത്. ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക പ്രതിസന്ധി പരിഗണിച്ച് അനുയോജ്യമായ സ്ഥലം കണ്ടെത്തി നൽകുന്നതിന് സർക്കാരിലേയ്ക്ക് അപേക്ഷ നൽകി എൻഎച്ച്എംൽ നിന്നും ലഭ്യമായ തുക നഷ്ടമാവാതിരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-20 ഹരിതകർമ്മസേനയ്ക്ക് വാഹനം വാങ്ങൽ - റോഡ് ടാക്സ് തിരികെ ഈടാക്കിയില്ല

| | | |
|---|---|---|
| പ്രോജക്ട് നം/ പേര് | 128/24 ഹരിതകർമ്മസേനയ്ക്ക് വാഹനം വാങ്ങൽ | |
| അടങ്കൽ തുക | സി.എഫ്.സി-180000 | |
| | കേന്ദ്രാവിഷ്കൃതം -420000 | |
| ചെലവ് തുക | സി.എഫ്.സി-158967 (വൗച്ചർ നം.22301153/31.3.24) | |
| | കേന്ദ്രാവിഷ്കൃതം -370924 (വൗച്ചർ നം.22301101/26.3.24) | |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഗ്രാമപഞ്ചായത്ത് സെക്രട്ടറി | |

പ്രസ്തുത പ്രോജക്ട് പ്രകാരം 529891/- രൂപ (നികുതി വിഹിതങ്ങൾ ഉൾപ്പെടെ) ചെലവഴിച്ച് ജെം മുഖേന ആലപ്പുഴ കൂട്ടുകാരൻ ഗ്രീൻ പ്രൈ.ലിമിറ്റഡ്, എന്ന സ്ഥാപനത്തിൽ നിന്നും ഇലക്ട്രിക് പിക് അപ് വാങ്ങിയിട്ടുണ്ട്. ഇലക്ട്രിക് വാഹനം ആയതിനാൽ റോഡ് ടാക്സ് ഒഴിവാക്കിയാണ് സെക്രട്ടറിയുടെ പേരിൽ ആർ.റ്റി.ഒ വാഹനം രജിസ്റ്റർ ചെയ്തു നല്കിയത്. എന്നാൽ റോഡ് ടാക്സ് (10300രൂപ) ഉൾപ്പെടെയുള്ള തുകയാണ് സ്ഥാപനത്തിന് കൈമാറിയിരുന്നത്. ടി തുക സ്ഥാപനത്തിൽ നിന്നും തിരികെ ലഭിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (3/12.11.24) സമർപ്പിച്ച മറുപടിയിൽ റോഡ് ടാക്സ് തുക തിരികെ ഈടാക്കുന്നതിന് സ്ഥാപനത്തിന് അറിയിപ്പ് നല്കിയിട്ടുള്ളതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. അധികം നൽകിയ 10300/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രസ്തുത തുക വിതരണ ഏജൻസിയിൽ നിന്ന് തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-21 ഗ്രാമപഞ്ചായത്ത് കാര്യാലയത്തിനും എം.സി.എഫിനും വാങ്ങിയ സിസിടിവി നാളിതുവരെ സ്ഥാപിച്ചില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി തനത് ഫണ്ട് വകയിരുത്തി നടപ്പിലാക്കിയ എം.സി.എഫിൽ സിസിടിവി സ്ഥാപിക്കൽ (138/24),ഗ്രാമ പഞ്ചായത്ത് ഓഫീസിൽ സിസിടിവി സ്ഥാപിക്കൽ (233/24) എന്നീ പ്രോജക്ടുകൾ പ്രകാരം യഥാക്രമം 1,67,000/-(വൗച്ചർ നം.22301087/22.3.24), 155000/- രൂപ (വൗച്ചർ നം.22301032/11.3.24) പിഡബ്ല്യുഡി തിരുവനന്തപുരം ഇലക്ട്രിക്കൽ ഡിവിഷൻ എക്സി എൻജിനീയർക്ക് കൈമാറിയിരുന്നു. സിസിടിവി സ്ഥാപിച്ച വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (4/12.11.24 )സമർപ്പിച്ച മറുപടിയിൽ സിസിടിവി സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പിഡബ്ല്യുഡി ഓഫീസിൽ നിന്നും സ്വീകരിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ട്. തുക കൈമാറിയിട്ടും നാളിതുവരെ സിസിടിവി സ്ഥാപിക്കാത്ത സാഹചര്യത്തിൽ ടി പ്രോജക്ടുകൾക്കായി ചെലവഴിച്ച 322000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അവ യഥാവിധി സ്ഥാപിച്ച് വിവരം അറിയിക്കേണ്ടതാണ്.

**1-22 ഷീലാ സ്മാരകലൈബ്രറി -ലൈബ്രറി കൗൺസിലിന്റെ അംഗീകാരം ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടില്ല.**

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ലൈബ്രറിയിലേക്ക് പുസ്തകം വാങ്ങൽ (133/24) എന്ന പ്രോജക്റ്റ് പ്രകാരം ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷീലാ സ്മാരകലൈബ്രറിയിലേക്ക് കറന്റ് ബുക്ക്, കേരള സ്റ്റേറ്റ് ബുക്ക് മാർക്ക് എന്നീ സ്ഥാപനങ്ങളിൽ നിന്നും 30000/-രൂപയ്ക്ക് (സി.എഫ്.സി) (വൗച്ചർ നം.22301082/22.3.24) പുസ്തകങ്ങൾ വാങ്ങിയിട്ടുണ്ട്. ടി ലൈബ്രറിക്ക് സംസ്ഥാന ലൈബ്രറി കൗൺസിലിന്റെ അംഗീകാരം ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റി 12.4.23 ലെ 20(1) ,10.5.23 ലെ 15(1) എന്നീ തീരുമാനങ്ങൾ പ്രകാരം സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു. പ്രസ്തുത വിഷയത്തിന്മേൽ സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശങ്ങൾ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (15/14.11.24) ലൈബ്രറി കൗൺസിലിന്റെ അംഗീകാരം വാങ്ങുന്നതിന് 10.05.2023ലെ ഗ്രാമ പഞ്ചായത്ത് കമ്മറ്റി തീരുമാനം എടുത്തിരുന്നതായും നടപടികൾ പൂർത്തിയാക്കി അറിയിക്കുന്നതാണെന്നും മറുപടി നല്കി. ഈ വിഷയത്തിൽ തുടർനടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-23 ഓണം അഡ്വാൻസ്-തിരികെ ഈടാക്കിയിട്ടില്ല.**

കേരള ഫിനാഷ്യൽ കോഡ് വാല്യം 1 അനുച്ഛേദം 250(3) അനുസരിച്ച് ഓണം മുൻകൂറായി അനുവദിച്ച തുക അഞ്ചു തുല്യ മാസ ഗഡുക്കളായി തിരികെ ഈടാക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ 2021- 22, 2022-23 എന്നീ സാമ്പത്തിക വർഷങ്ങളിൽ ഓണം മുൻകൂർ ഇനത്തിൽ ജീവനക്കാർക്ക് അനുവദിച്ച തുക പൂർണ്ണമായി തിരികെ ക്രമീകരിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ജീവനക്കാരന്റെ പേര്, തസ്തിക | തുക നൽകിയ വർഷം | കൈപ്പറ്റിയ തുക | തിരികെ ഒടുക്കിയ ക്കിയ തുക | ക്രമീകരിക്കാൻ ശേഷിക്കുന്ന തുക |
|---|---|---|---|---|
| പ്രദീപ് കുമാർ .ബി (സീനിയർക്ലർക്ക്) | 2022-23 | 10000 | 2000 | 8000 |
| സൗമ്യ സി .യു (ക്ലർക്ക്) | 2021- 22 | 15000 | - | 15000 |

മേൽ പറഞ്ഞ ജീവനക്കാരുടെ ഓണം അഡ്വാൻസ് ക്രമീകരിക്കാത്തതിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 7/12.11.2024) സമർപ്പിച്ച മറുപടിയിൽ, ടി ജീവനക്കാർ സ്ഥലം മാറ്റം ലഭിച്ച് പോയിട്ടുള്ളതാണെന്നും അഡ്വാൻസായി നൽകിയ തുക തിരികെ ഈടാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും തുക ഈടാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-24 പൊതു ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് വ്യക്തത ഇല്ല- വാട്ടർ ചാർജിനത്തിൽ അധിക തുക അടവാക്കുന്നു.**

ഗ്രാമപഞ്ചായത്ത് 2023-24 വർഷത്തെ വെള്ളക്കരം ഇനത്തിൽ പ്രതിമാസം ആകെ 70369/- വീതമാണ് അടവാക്കിവരുന്നത്. നിലവിൽ 58 വാട്ടർ കണക്ഷനുകൾക്കാണ് വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം വെള്ളക്കരം അടവാക്കിവരുന്നത്. പ്രവർത്തിക്കുന്ന വാട്ടർ ടാപ്പുകളുടെ എണ്ണം സംബന്ധിച്ച കൃത്യത ഉറപ്പാക്കുന്നതിനായി വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തിയതിന്റെ രേഖകൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 6/12.11.2024) മറുപടി ലഭ്യമാക്കി. 23.08.2024 ൽ വാട്ടർ അതോറിറ്റിയുമായി ചേർന്ന് നടത്തിയ സംയുക്ത പരിശോധനയിൽ 46 ടാപ്പുകളാണ് പ്രവർത്തിക്കുന്നതെന്ന് കണ്ടെത്തിയെങ്കിലും പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം 46 ലും കുറവാണെന്ന് ഭരണസമിതി 19.09.2024ലെ യോഗത്തിൽ വിലയിരുത്തിയതിനാൽ (തീരുമാനം നം. 12(1) ഒരിക്കൽകൂടി സംയുക്ത പരിശോധനയ്ക്ക് വാട്ടർ അതോറിറ്റിക്ക് കത്ത് നൽകിയിട്ടുണ്ടെന്നും മറുപടിയിൽ വിശദീകരിച്ചിട്ടുണ്ട്. 58 വാട്ടർ ടാപ്പുകളുടെ ചാർജ് വാട്ടർ അതോറിറ്റി ഈടാക്കിവരുന്നതിനാൽ പ്രവർത്തിക്കാത്ത ടാപ്പുകളുടെ കരം ഉൾപ്പെടെ അധിക തുക അടവാക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. നിലവിൽ പ്രവർത്തിക്കുന്ന പൊതു വാട്ടർ ടാപ്പുകളുടെ എണ്ണത്തിലെ കൃത്യത ഉറപ്പുവരുത്തുന്നതിനുള്ള ക്രിയാത്മകമായ നടപടികൾ അടിയന്തിരമായി ഭരണസമിതി സ്വീകരിച്ച് അധിക തുക അടവാക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്.

2024 ജനുവരി മാസം ഡിമാന്റ് നോട്ടീസ് ലഭിക്കാത്തതിനാൽ വെള്ളക്കരം അടവാക്കിയിരുന്നില്ല.എന്നാൽ 12.02.2024 ൽ ജനുവരി, ഫെബ്രുവരി മാസങ്ങളിലെ വെള്ളക്കരം 140738/- രൂപയും 1407 രൂപ പലിശയായും വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്തു. പലിശ ഒഴികെയുള്ള തുക പഞ്ചായത്ത് അടവാക്കിയിരുന്നു. തുടർന്ന് 05.03.24 ൽ ലഭ്യമാക്കിയ ഡിമാന്റ് നോട്ടീസ് പ്രകാരം 2815 രൂപ പലിശ ഇനത്തിൽ ഡിമാന്റ് ചെയ്തിട്ടുണ്ട്. ജനുവരിമാസത്തിലെ ഡിമാന്റ് നോട്ടീസ് ലഭിക്കാതിരുന്ന സാഹചര്യത്തിൽ പലിശ ഒഴിവാക്കി തരണമെന്ന് ആവശ്യപ്പെട്ട് 27.03.2024 ൽ വാട്ടർ അതോറിറ്റിക്ക് കത്ത് നൽകിയിട്ടുണ്ടെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. സംയുക്ത പരിശോധനയിലൂടെ പ്രവർത്തനക്ഷമമായ പൊതു ടാപ്പുകളുടെ എണ്ണം കൃത്യമായി നിർണ്ണയിച്ച് ഉപഭോഗത്തിനാനുപാതികമായാണ് വെള്ളക്കരമൊടുക്കുന്നതെന്ന് ഉറപ്പാക്കേണ്ടതാണ്. ഈ വിഷയത്തിലെ തുടർനടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

**1-25 പഞ്ചായത്ത് കമ്മിറ്റി അംഗങ്ങളുടെ യാത്രാബത്ത- യാത്രാ ഡയറി ലോഗ് ബുക്കുമായി പൊരുത്തപ്പെടുന്നില്ല.**

ഗ്രാമപഞ്ചായത്ത് അംഗങ്ങളുടെ 08/22 മുതൽ 03/23 വരെയുള്ള യാത്രകൾക്ക് യാത്രാ ബത്ത അനുവദിച്ചതിൽ അപാകതകളുണ്ടായിട്ടുണ്ട്. പഞ്ചായത്തിന്റെ ഒദ്യോഗിക വാഹനത്തിന്റെ ലോഗ് ബുക്കിൽ രേഖപ്പെടുത്തിയ തീയതിയും അംഗങ്ങൾ സമർപ്പിച്ച യാത്രാ ഡയറിയും പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. വൗച്ചർ നമ്പർ 22300329, 22300430, 22300431, 22300432 (19.08.2023) പ്രകാരം ആകെ 61650/- രൂപയാണ് യാത്രാപ്പടി ഇനത്തിൽ അനുവദിച്ചിട്ടുള്ളത്.

| ക്രമനമ്പർ | അംഗങ്ങളുടെ പേര് | യാത്രാപ്പടി നൽകിയ തിയതി | ഹെഡ് ക്വാർട്ടേഴ്സിൽ നിന്നും യാത്ര ചെയ്ത സ്ഥലം | തുക | അഭിപ്രായക്കുറിപ്പുകൾ |
|---|---|---|---|---|---|
| 1. | രവി .വി.സോമൻ (വൈസ് പ്രസിഡന്റ്) | 16.09.2022 | വാഴൂർ | 300 | പ്രസ്തുത വ്യക്തികളുടെ യാത്ര സംബന്ധിച്ച യാതൊരു വിവരവും ലോഗ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല |
| | | 07.10.2022 | വാഴൂർ | 300 | |
| | | 15.10.2022 | വാഴൂർ | 300 | |
| | | 01.11.2022 | ചങ്ങനാശ്ശേരി | 300 | |
| | | 07.11.2022 | കോട്ടയം | 300 | |
| | | 13.11.2022 | പത്തനം തിട്ട | 300 | |
| | | 13.12.2022 | പത്തനം തിട്ട | 300 | |
| | ആകെ | ആകെ | | **2100** | |
| 2. | ശ്രീ മാത്യൂ വർഗ്ഗീസ് (ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ) | 16.09.2022 | വാഴൂർ | 300 | |
| | | 19.09.2022 | കോട്ടയം | 300 | |
| | | 01.12.2022 | എറണാകുളം | 300 | |
| | | 17.02.2023 | വാഴൂർ | 300 | |
| | | ആകെ | | **1200** | |
| 3 | ശ്രീമതി മേഴ്സി റെൻ(ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ) | 16.09.2022 | വാഴൂർ | 300 | |
| | | 17.11.2022 | ഇടിയരിക്കാപ്പുഴ | 300 | |
| | | 13.11.2022 | പത്തനം തിട്ട | 300 | |
| | | 25.11.2022 | കോട്ടയം | 300 | |
| | | 17.01.2023 | വാഴൂർ | 300 | |
| | | ആകെ | | **1500** | |
| 4 | ശ്രീമതി രാജമ്മ രവീന്ദ്രൻ(വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ) | 16.09.2022 | വാഴൂർ | 300 | |
| | | 19.09.2022 | കോട്ടയം | 300 | |
| | | 22.102022 | തെള്ളകം | 300 | |
| | | 28.10.2022 | കോട്ടയം | 300 | |

| | | | | |
|---|---|---|---|---|
| | | 17.01.2023 | വാഴൂർ | 300 |
| | | 18.03.2023 | ഏറ്റുമാനൂർ | 300 |
| | | ആകെ | | **1800** |
| 5 | ശ്രീ മാത്യൂ വർഗീസ് | 15.10.2022 | വാഴൂർ | 300 |
| | | 22.10.2022 | തെള്ളകം | 300 |
| | | 07.10.2022 | വാഴൂർ | 300 |
| | | 28.10.2022 | കോട്ടയം | 300 |
| | | 01.11.2022 | ചങ്ങനാശ്ശേരി | 300 |
| | | 07.11.2022 | കോട്ടയം | 300 |
| | | ആകെ | | **1800** |
| 6 | ശ്രീമതി ലാമിയ എലിസബേത്ത് | 22.08.2022 | കോട്ടയം | 250 |
| | | 18.09.2022 | വാഴൂർ | 250 |
| | | 28.08.2022 | ചിറക്കടവ് | 250 |
| | | 07.10.2022 | വാഴൂർ | 250 |
| | | 07.10.2022 | വാഴൂർ | 250 |
| | | 10.11.2022 | ചിറക്കടവ് | 250 |
| | | ആകെ | | **1500** |
| 7 | ശ്രീമതി വീണ നായർ | 22.08.2022 | കോട്ടയം | 250 |
| | | 28.08.2022 | ചിറക്കടവ് | 250 |
| | | 28.09.2022 | കോട്ടയം | 250 |
| | | 07.10.2022 | വാഴൂർ | 250 |
| | | 22.10.2022 | തെള്ളകം | 250 |
| | | ആകെ | | **1250** |
| 8 | ശ്രീമതി ബീന വർഗീസ് | 28.08.2022 | ചിറക്കടവ് | 250 |
| | | 16.09.2022 | വാഴൂർ | 250 |
| | | 28.09.2022 | കോട്ടയം | 250 |
| | | 10.11.2022 | ചിറക്കടവ് | 250 |
| | | 25.11.2022 | വാഴൂർ | 250 |
| | | ആകെ | | **1250** |
| 9 | ശ്രീമതി പ്രിയ ശ്രീരാജ് | 22.08.2022 | കോട്ടയം | 250 |

| | | | | |
|---|---|---|---|---|
| | | 28.08.2022 | ചിറക്കടവ് | 250 |
| | | 16.09.2022 | വാഴൂർ | 250 |
| | | 28.09.2022 | കോട്ടയം | 250 |
| | | 07.10.2022 | വാഴൂർ | 250 |
| | | 15.10.2022 | വാഴൂർ | 250 |
| | | ആകെ | | **1500** |
| 10 | ശ്രീമതി ശ്രീജ മനു | 28.08.2022 | ചിറക്കടവ് | 250 |
| | | 16.09.2022 | വാഴൂർ | 250 |
| | | 28.09.2022 | കോട്ടയം | 250 |
| | | 07.10.2022 | വാഴൂർ | 250 |
| | | 15.10.2022 | വാഴൂർ | 250 |
| | | ആകെ | | **1500** |
| 11 | ശ്രീ ശശീന്ദ്രൻ | 28.08.2022 | ചിറക്കടവ് | 250 |
| | | 16.09.2022 | വാഴൂർ | 250 |
| | | 15.10.2022 | വാഴൂർ | 250 |
| | | 21.10.2022 | തെള്ളകം | 250 |
| | | 17.10.2022 | വാഴൂർ | 250 |
| | | ആകെ | | **1250** |
| 12 | ശ്രീമതി ഷിനുമോൾ ജോസഫ് | 16.09.2022 | വാഴൂർ | 250 |
| | | 07.10.2022 | വാഴൂർ | 250 |
| | | 15.10.2022 | വാഴൂർ | 250 |
| | | 10.22.2022 | ചിറക്കടവ് | 250 |
| | | 13.12.2022 | പത്തനംതിട്ട | 250 |
| | | ആകെ | | **1250** |
| 13 | ജോ ജോസഫ് ജോസഫ് | 07.10.2022 | വാഴൂർ | 250 |
| | | 15.10.2022 | വാഴൂർ | 250 |
| | | 23.10.2022 | തെള്ളകം | 250 |
| | | 17.12.2022 | കോട്ടയം | 250 |
| | | ആകെ | | **1000** |
| | ആകെ | | | **18900** |

പ്രസ്തുത വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 8/12/11/24) സമർപ്പിച്ച മറുപടിയിൽ ജനപ്രതിനിധികൾ സമർപ്പിച്ച യാത്രാ ഡയറിയിൽ യാത്രക്ക് ഉപയോഗിച്ചിരുന്ന വാഹനം എതെന്ന് വ്യക്തമാക്കി നൽകാതിരുന്ന സാഹചര്യത്തിലാണ് പൊതുവായി ഹാഫ് ഡി.എ അനുവദിച്ചത് എന്നാണ് വിശദീകരിച്ചിട്ടുള്ളത്. യാത്രയുടെ ഉദ്ദേശ്യം, യാത്രചെയ്യത് ഔദ്യോഗിക വാഹനത്തിലാണെങ്കിൽ ആയത് സംബന്ധിച്ച കൃത്യമായ വിവരങ്ങൾ, തിയതി, യാത്ര ചെയ്ത സമയം എന്നിവ ഉൾപ്പെടുത്തി വിശദമായ യാത്രാഡയറി സമർപ്പിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. തുടർ വർഷങ്ങളിൽ ഇത്തരം അപാകതകൾ ഉണ്ടാകുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

**1-26 ഇന്റർലോക്ക് പേവർ ബ്ലോക്ക് പാകൽ-മോർഡ് സ്പെസിഫിക്കേഷൻ /ഡാറ്റ അടിസ്ഥാനമാക്കാത്തതിനാൽ അധികച്ചെലവ്**

ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ കോംബൗണ്ടിൽ ഇന്റർലോക്ക് വിരിക്കൽ എന്ന പ്രൊജക്റ്റിന്റെ ഭാഗമായി 80mm ഇന്റർലോക്ക് പേവർ ബ്ലോക്ക് 17 M X 4.8 M അളവിൽ പാകുന്നതിന് ആവിഷ്ക്കരിച്ച് നടപ്പാക്കിയ പ്രവൃത്തിയാണിത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നം. | 176/2023-24 |
| കരാറുകാരൻ | ശ്രീ. സുദീപ് എസ് |
| അടങ്കൽ | ₹150000/-തനത് ഫണ്ട് |
| കരാർ നം | 37/AE/LsGD/NKM/Dt. 15.02.2023 |
| അളവു പുസ്തകം | E-M Book 102213/2022 |
| അകെ ചെലവഴിച്ച തുക | ₹138104/- |
| ബിൽ വിശദാംശങ്ങൾ | ₹138104/- Vr No 22300604/ 31.10.2023 |
| | Cheque No. 11382/26.10.2023 |

മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ഇനം 3 പ്രകാരം 80 Mm Thick Factory Made Cement Concrete Interlocking Paver Block ഉപയോഗിച്ചുള്ള പ്രവൃത്തിക്ക് ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കി (OD362475/ 2023-24) ₹1132.78/ $M^2$ നിരക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. എന്നാൽ ഇതേ ഇനം പ്രവൃത്തിക്ക് MORD Data 6.7.1 പ്രകാരം അംഗീകരിക്കപ്പെട്ട നിരക്ക് ലഭ്യമാണ്. ഇതുപ്രകാരം പ്രസ്തുത ഇനത്തിന് ബാധകമായ നിരക്ക് ₹990.264/M2 ആണ്.

MORD Data പ്രകാരം അംഗീകരിക്കപ്പെട്ട നിരക്ക് പരിഗണിക്കാതെ ഉയർന്ന നിരക്കിൽ ഒബ്സർവ്ഡ് ഡാറ്റാ തയ്യാറാക്കി പ്രവൃത്തി നടത്തിയത് മൂലം പഞ്ചായത്തിന് അധികച്ചെലവുണ്ടായതിന്റെ വിശദ വിവരം താഴെ നൽകുന്നു.

| Interlock ചെയ്ത അളവ് (Item 3) | Observed Data പ്രകാരം അനുവദിച്ച തുക | MORD Data 6.7.1പ്രകാരം അനുവദിക്കാവുന്ന തുക | അധികം നൽകിയ തുക(Tender Excess 10% ഉൾപ്പടെ) | GST(18%) |
|---|---|---|---|---|
| 81.600M2 | 1132.78/M2 =92434.85 | 990.264/M2 =80805.54 | 11629.307 | 2093.275 |

പ്രസ്തുത ഇനത്തിന് MORD Data നിലവിലുണ്ടായിരിക്കെ ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കി പ്രവൃത്തി നടത്തിയതുവഴി ഗ്രാമപഞ്ചായത്തിന് അധികച്ചെലവുണ്ടായ നടപടിക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19/തീ. 14.11.2024) ടി ഐറ്റം DAR CIVIL ലഭ്യമല്ലാത്തതുകൊണ്ട് OD ആയി തയ്യാറാക്കേണ്ട ആവശ്യകത ഉണ്ടായിരുന്നു എന്ന് മറുപടി നൽകിയിരുന്നു. എന്നാൽ ടി മറുപടി അംഗീകരിക്കാവുന്നതല്ല. ചീഫ് എഞ്ചിനീയറുടെ വെബ്സൈറ്റിൽ പ്രൈസിൽ ലഭ്യമായ MORD 2018ൽ 6.7.1 ആയി പ്രസ്തുത ഇനം ലഭ്യമാകുന്നതായിരുന്നു. പ്രവൃത്തിക്ക് MORD Data നിലവിലുണ്ടായിരിക്കെ ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കി പ്രവൃത്തി നടത്തിയതുവഴി ഗ്രാമപഞ്ചായത്തിന് സംഭവിച്ച അധികച്ചെലവ് (11629+2093= ₹13722) എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ സാങ്കേതികാനുമതി നൽകിയ അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

ബി) സംസ്ഥാനത്ത് പ്രികാസ്റ്റ് കോൺക്രീറ്റ് പേവർ ബ്ലോക്ക് ഉപയോഗിച്ചുള്ള റോഡ്, യാർഡ്, ഫുട്പാത്ത് പ്രവൃത്തികൾക്ക് 5 വർഷത്തിൽ കുറയാത്ത ഡിഫക്റ്റ് ലയബിലിറ്റി കാലയളവ് (DLP) ഉണ്ടായിരിക്കേണ്ടതാണെന്ന് Finance (Inspection Wing -Technical) Department-ന്റെ 06.04.2022-ലെ 31/2022/ Fin നമ്പർ സർക്കുലർ പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. മേൽ പ്രവൃത്തിക്ക് 5 വർഷ ഡിഫക്റ്റ് ലയബിലിറ്റി കാലയളവ് ഉറപ്പുവരുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-27 മാനങ്ങാടി കുടിവെള്ളപദ്ധതി -പദ്ധതി പ്രവർത്തനക്ഷമമല്ല.**

| | |
|---|---|
| പ്രൊ.നം /പേര് | 194/24, മാനങ്ങാടി കുടിവെള്ളപദ്ധതി |
| അടങ്കൽ | 1,45,500/-(CFC) |
| ചെലവ് | 61,596/- (ബിൽ നം. 23/14.06.23) |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ |
| കരാർ | 38/AE/LSGD/NKM/15-2-23 |
| കരാറുകാരൻ | സുദീപ് എസ് |
| ഇ-എംബുക്ക് നം | 111749/2022 |

മാനങ്ങാടി കുടിവെള്ളപദ്ധതിയുടെ കേടായ 5 HP മോട്ടോർ മാറ്റി സ്ഥാപിക്കുക, 5000L വാട്ടർടാങ്ക് സ്ഥാപിക്കുക, കേടായ വിതരണലൈനുകളിലെ ജിഐ പൈപ്പുകൾ മാറ്റി 63mm HDPE പൈപ്പുകൾ 39.6m സ്ഥാപിക്കുക എന്നതായിരുന്നു എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിരുന്ന ഇനങ്ങൾ. എന്നാൽ ആദ്യപാർട് ബിൽ പ്രകാരം 5000L വാട്ടർ ടാങ്ക് മാത്രം സ്ഥാപിച്ച് പ്രവൃത്തി അവസാനിപ്പിച്ചതായി കാണുന്നു. 13-11-24ൽ സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ പ്രസ്തുത സ്ഥലപരിശോധന നടത്തിയതിൽ മോട്ടോർ സ്ഥാപിക്കാത്തതിനാൽ കുടിവെള്ളപദ്ധതി പ്രവർത്തനക്ഷമമല്ലായെന്ന് കാണുന്നു. തുടർ പ്രവർത്തനങ്ങൾ നടത്തി പദ്ധതി പ്രവർത്തനക്ഷമമാക്കാതെ പ്രവൃത്തി അവസാനിപ്പിക്കാനുണ്ടായ സാഹചര്യം വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം20/14-11-24 )മറുപടിയായി മോട്ടോർ സ്ഥാപിക്കുന്നതിന് നിലവിൽ വകയിരുത്തിയ ഫണ്ട് മതിയാകില്ലായിരുന്നുവെന്നും 2024-25 വാർഷിക പദ്ധതിയിൽ പുതിയ പ്രോജക്ട് ആയി ഉൾപ്പെടുത്തിയിട്ടുണ്ട് എന്നും അറിയിച്ചിട്ടുണ്ട്. മോട്ടോർ സ്ഥാപിക്കൽ, വിതരണലൈനുകൾ സ്ഥാപിക്കൽ എന്നിവ നടപ്പാക്കാതെ പദ്ധതി ലക്ഷ്യം കൈവരിക്കില്ലായെന്നിരിക്കെ വാട്ടർ ടാങ്കിന് മാത്രമായി ചെലവഴിച്ച 61,596/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രൊജക്റ്റിന്റെ തുടർ പ്രവർത്തനങ്ങൾ പൂർത്തിയാക്കി കുടിവെള്ളപദ്ധതി പ്രവർത്തനക്ഷമമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-28 പ്രവർത്തി പൂർത്തീകരണത്തിന് കാലതാമസം - നിയമാനുസൃത പിഴ ഈടാക്കിയില്ല-

| | |
|---|---|
| പ്രൊജക്റ്റ് നം /പേര് | 171/24,വീരൻമല കുടിവെള്ള പദ്ധതി പുനരുദ്ധാരണം |
| അടങ്കൽ | 4,00,000/-(CFC) |
| ചെലവ് | 4,00,000/-<br>1)ബിൽ നം. 24/14-6-23 -234867<br>2)ബിൽ നം.214/5-1-24- 165133 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ |
| കരാർ | 59/AE/LSGD/NKM/18-3-23 |
| കരാറുകാരൻ | സുദീപ് എസ്(+10%) PAC 372132/- |
| ഇ-എംബുക്ക് നം | 111812/2022 |

വെൽഡഡ് മെഷ് ഉപയോഗിച്ചുള്ള വാട്ടർ ടാങ്ക് കവറിങ്ങ്, 336m നീളത്തിൽ ജി ഐ പൈപ്പുകൾ മാറ്റി 40mm പിവിസി വിതരണപൈപ്പുകൾ സ്ഥാപിക്കുക എന്നിവയായിരുന്നു എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിരുന്ന ഇനങ്ങൾ കരാർ പ്രകാരം 6 മാസമായിരുന്നു പൂർത്തീകരണ കാലാവധി. 10-3-23 ന് എസ്റ്റിമേറ്റ് റിവൈസ് ചെയ്യുകയുണ്ടായി. എംബുക്ക് പ്രകാരം വിതരണപൈപ്പുകൾ സ്ഥാപിച്ച് അവസാന അളവുകളെടുത്ത് പ്രവൃത്തി

പൂർത്തീകരിച്ചിരിക്കുന്നത് 1-1-2024നാണ്. പഞ്ചായത്ത് കമ്മറ്റിയുടെ 26-8-23 ലെ 1(1) നമ്പർ തീരുമാനപ്രകാരം പ്രതികൂലമായ കാലാവസ്ഥ പരിഗണിച്ച് 31-3-24വരെ പിഴ ഒഴിവാക്കി പ്രവൃത്തി ചെയ്യാൻ അനുമതി നൽകിയിട്ടുണ്ട്. പ്രതികൂലമായ കാലാവസ്ഥയിൽ നിർവഹിക്കേണ്ട ഇനങ്ങളൊന്നുംതന്നെ എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിരുന്നില്ല. ആകയാൽ പ്രസ്തുത തീരുമാനം 2012 ലെ പൊതുമരാമത്ത് മാനുവലിന് വിരുദ്ധമാണ്. കരാറുകാരന്റേതല്ലാത്ത കാരണങ്ങളാൽ ദീർഘിപ്പിക്കേണ്ടി വരുമ്പോൾ ഒറിജിനൽ സമയത്തിന്റെ 25% സമയം മാത്രമേ പിഴയില്ലാതെ അനുവദിക്കാനാവൂ. ത.സ്വഭവ സെക്രട്ടറിയുടെ 18-8-2018ലെ എസി2/223/15നമ്പർ സർക്കുലർ പ്രകാരം ഗ്രേസ് പീരീഡിന് ശേഷമുള്ള ആദ്യ മൂന്ന് മാസക്കാലയളവിന് 1% നിരക്കിലും തുടർന്നുള്ള ഓരോ മൂന്നുമാസത്തേയ്ക്കും 2% നിരക്കിലും പിഴ ഈടാക്കണമെന്നും നിർദ്ദേശിച്ചിരുന്നു. ഈടാക്കേണ്ടിയിരുന്ന പിഴയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| കരാർ തീയതി | 18-3-2023 |
| കാലാവധി | 6 |
| പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി | 18-9-2023 |
| 25% ഗ്രേസ് പീരീഡ് | 1-11-2023(45 Days) |
| DOC | 1-1-2024 |
| ഈടാക്കേണ്ടിയിരുന്ന പിഴ | APAC =372132/- X 1%=3721 |

നിയമാനുസൃത പിഴ ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (21/14-11-24) മറുപടിയായി റോഡിന്റെ ഒരു ഭാഗത്ത് കോൺക്രീറ്റ് വർക്ക് നടന്നുകൊണ്ട് ഇരുന്നതിനാലാണ് ടി വർക്ക് നിശ്ചിത കാലയളവിൽ പൂർത്തീകരിക്കാൻ സാധിക്കാതിരുന്നത് എന്നറിയിച്ചിട്ടുണ്ട്. എന്നാൽ ടി കാലതാമസത്തിനും 45 ദിവസം മാത്രമാണ് പരമാവധി ഫൈൻ ഇല്ലാതെ കാലാവധി ദീർഘിപ്പിച്ച് അനുവദിക്കാൻ സാധിക്കുന്നത്. അവസാനബില്ലിൽ നിന്നും ഈടാക്കേണ്ടിയിരുന്ന പിഴ തുകയായ 3721/- രൂപ കരാറുകാരനിൽ നിന്നോ അല്ലാത്തപക്ഷം ബിൽ തുക നൽകിയ അസി.എഞ്ചിനീയറിൽ നിന്നോ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടയ്ക്കേണ്ടതാണ്.

## 1-29 ലൈഫ് ഭവന പദ്ധതി - അവലോകനം

ലൈഫ് ഭവന പദ്ധതിയ്ക്കായി വിവിധ ഘട്ടങ്ങളിൽ പഞ്ചായത്തുമായി കരാറിലേർപ്പെട്ടവരുടെ വിവരം ചുവടെ ചേർക്കുന്നു.

| | കരാറിലേർപ്പെട്ടവർ | പണി പൂർത്തിയാക്കിയവർ |
|---|---|---|
| ഫേസ് I | പൊതുവിഭാഗം - 1 | പൊതുവിഭാഗം - 1 |
| ഫേസ് II | പൊതുവിഭാഗം - 22 | പൊതുവിഭാഗം - 22 |

| | | |
|---|---|---|
| | പട്ടികജാതി വിഭാഗം - 3 | പട്ടികജാതി വിഭാഗം - 3 |
| ഫേസ് III | പൊതുവിഭാഗം -64<br>പട്ടികജാതി വിഭാഗം - 14<br>Additional List-<br>പട്ടികജാതി വിഭാഗം - 6<br>പട്ടികവർഗ്ഗ വിഭാഗം - 1 | പൊതുവിഭാഗം - 47<br>പട്ടികജാതി വിഭാഗം - 10<br>പട്ടികജാതി വിഭാഗം - 4<br>പട്ടികവർഗ്ഗ വിഭാഗം - 1. |
| ലൈഫ്2020 | പൊതുവിഭാഗം - 98<br>പട്ടികജാതി വിഭാഗം - 28<br>പട്ടികവർഗ്ഗ വിഭാഗം - 1 | പൊതുവിഭാഗം - 8<br>പട്ടികജാതി വിഭാഗം - 12 |

മേൽ ഗുണഭോക്താക്കളിൽ വിവിധ ഘട്ടങ്ങളിലെ ആനുകൂല്യം ലഭിച്ച താഴെ പറയുന്നവർ നാളിതുവരെ ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല എന്നു കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഫേസ് III-ജനറൽ

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | വാർഡ് | കരാറിലേർപ്പെട്ട വർഷം | നാളിതു വരെ നൽകിയ തുക (രൂപയിൽ) | റിമാർക്സ് |
|---|---|---|---|---|---|
| 1 | മോഹനൻ | 2 | 2021 | 40000 | പണി ആരംഭിച്ചില്ല |
| 2 | റെയ്ച്ചൽ പോൾ | 13 | 2021 | 40000 | തറനിർമ്മാണം പൂർത്തീകരിച്ചു |
| 3 | ഓമന രാജപ്പൻ | 9 | 2022 | 40000 | പണി ആരംഭിച്ചില്ല |
| 4 | ശാലിനി സന്തോഷ് | 14 | 2023 | 40000 | പണി ആരംഭിച്ചില്ല |
| 5 | സുനന്ദാമ്മ രാജേഷ് | 5 | 2023 | 40000 | പണി ആരംഭിച്ചില്ല |
| 6 | അനിമോൾ | 5 | 2023 | 40000 | പണി ആരംഭിച്ചില്ല |
| 7 | വത്സമ്മ തങ്കച്ചൻ | 10 | 2023 | 40000 | പണി ആരംഭിച്ചില്ല |

| | | | | | |
|---|---|---|---|---|---|
| 8 | തങ്കമ്മ .വി.റ്റി | 13 | 2023 | 40000 | പണി ആരംഭിച്ചില്ല |
| | **ഫേസ് 111-എസ്.സി** | | | | |
| 9 | മായാദേവി.കെ.ആർ | 14 | 2020 | 40000 | പണി ആരംഭിച്ചില്ല |
| 10 | ജിനേഷ്.ടി.വി | 1 | 2020 | 200000 | പണി ആരംഭിച്ചില്ല |
| 11 | സുരേഷ് കുമാർ.പി.എസ് | 13 | 2023 | 40000 | പണി ആരംഭിച്ചില്ല |
| | **ലൈഫ് 2020-എസ്.സി** | | | | |
| 12 | അനീഷ് കുമാർ | 15 | 2022 | 40000 | പണി ആരംഭിച്ചില്ല |
| 13 | ചെല്ലമ്മ കുട്ടായി | 8 | 2022 | 300000 | ലിന്റൽവരെ പണിതു.വെള്ളപ്പൊക്കത്തിൽ വീട് ഒലിച്ചു പോയി |
| | **ലൈഫ് 2020-ജനറൽ** | | | | |
| 14 | കുഞ്ഞമ്മ ജോയി | 12 | 2023 | 40000 | പണി ആരംഭിച്ചില്ല |
| 15 | ലേജു.കെ.എ | 3 | 2023 | 40000 | പണി ആരംഭിച്ചില്ല |
| 16 | അമ്മിണി | 1 | 2023 | 40000 | പണി ആരംഭിച്ചില്ല |
| 17 | കുഞ്ഞുമോൾ | 8 | 2023 | 40000 | പണി ആരംഭിച്ചില്ല |
| 18 | ദിനേശ് | 6 | 2023 | 40000 | പണി ആരംഭിച്ചില്ല |
| 19 | ജീമോൻ .ഒ.ജെ | 2 | 2023 | 40000 | തറനിർമ്മാണം പൂർത്തിയായി |
| 20 | അജിത്ത് കുമാർ.എ.റ്റി | 4 | 2023 | 40000 | പണി ആരംഭിച്ചില്ല |
| 21 | വർഗ്ഗീസ്.ടി.ജെ | 8 | 2023 | 40000 | പണി ആരംഭിച്ചില്ല |

പ്രസ്തുത വ്യക്തികളുടെ ഭവന നിർമാണ പുരോഗതി വിലയിരുത്തി തുടർ ധനസഹായം അനുവദിക്കേണ്ടതാണ്. കൈപ്പറ്റിയ ധനസഹായം ദുരുപയോഗം ചെയ്തിട്ടുള്ളപക്ഷം നിയമാനുസൃത പലിശസഹിതം ഈടാക്കാനും, പരിഗണന അർഹിക്കുന്ന സാഹചര്യമെന്ന് ബോധ്യപ്പെടുന്ന പക്ഷം ഉചിത നടപടികളിലൂടെ ഭവന നിർമ്മാണം പൂർത്തീകരിക്കാനും തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-30 മെൻസ്ട്രൽ കപ്പ് വതരണം-പ്രോജക്ട് നിർവ്വഹണം ഗുണപരമായില്ല

മെഡിക്കൽ ഓഫീസർ പി.എച്ച്.സി നടപ്പിലാക്കിയ മെൻസ്ട്രൽ കപ്പ് വതരണം നടത്തിയത് സംബന്ധിച്ച് പൂർണ്ണമായ വിവരങ്ങൾ ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 253/24 |
| അടങ്കൽ തുക | 150000/- |
| ചെലവ് തുക, ബിൽ നം. തീയതി | 145496/- (379/23-24/24.03.2024) |

ഇൻവോയ്സ് നമ്പർ 9423051943/29.04.24 പ്രകാരം ഹിൽ ലൈഫ് കെയർ ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും 293.93 രൂപാ നിരക്കിൽ 495 മെൻസ്ട്രൽ കപ്പ് വാങ്ങിയിട്ടുണ്ട്. എന്നാൽ ഇതിന്റെ വിതരണം സംബന്ധിച്ച് പൂർണ്ണമായ വിവരം ലഭ്യമായിട്ടില്ല.മെൻസ്ട്രൽ കപ്പ് വിതരണം സംബന്ധിച്ച് പൂർണ്ണമായ വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 13/12.11.2024) സമർപ്പിച്ച മറുപടിയിൽ 495 മെൻസ്ട്രൽ കപ്പ് വാങ്ങിയതിൽ 96 എണ്ണം മാത്രമാണ് വിതരണം നടത്തിയിട്ടുള്ളതെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥർ അറിയിച്ചിട്ടുള്ളത്. ഗുണഭോക്താക്കളുടെ പങ്കാളിത്തം ഉറപ്പ് വരുത്താതെ ഇത്തരം പദ്ധതികൾ നടപ്പിലാക്കിയതിന്റെ സാംഗത്യം വ്യക്തമല്ല. ആയതിനാൽ വിതരണം നടത്തുവാൻ അവശേഷിക്കുന്ന 399 മെൻസ്ട്രൽ കപ്പുകളുടെ വിലയായ 117278/- രൂപ (399X293.93) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അവശേഷിക്കുന്ന മെൻസ്ട്രൽ കപ്പുകൾ ബോധവത്ക്കരണ ക്യാമ്പ് സംഘടിപ്പിച്ച് വിതരണം നടത്തുന്നതിനുള്ള നടപടികൾ ഭരണ തലത്തിൽ സ്വീകരിക്കേണ്ടതാണ്.

## 1-31 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണ്ണമായി ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| പ്രോജക്ട് നമ്പർ | SOO 6/24 |
| പ്രോജക്ട് അടങ്കൽ | 200,000/-രൂപ, മെയിന്റനൻസ് ഫണ്ട് റോഡിതരം |
| പ്രോജക്ട് ചെലവ് | 200000/-രൂപ, മെയിന്റനൻസ് ഫണ്ട് റോഡിതരം |
| ബിൽ നം./ തീയതി | 87/15.09.23 |
| നിർവഹണ ഉദ്യോഗസ്ഥ | ഗ്രാമ പഞ്ചായത്ത് സെക്രട്ടറി |

ഹോമിയോ ആശുപത്രിക്ക് മരുന്ന് ലഭ്യമാക്കുന്നതിനായി 200,000/- രൂപ ഹോംകോയ്ക്ക് കൈമാറിയിട്ടുണ്ട്. പരിശോധനക്ക് ലഭ്യമാക്കിയ ടാക്സ് ഇൻ വോയിസുകൾ പ്രകാരം (LF2871 Dated 07.02.2024) 68410/- രൂപയുടെ മരുന്നുകൾ മാത്രമാണ് നിലവിൽ ലഭിച്ചിട്ടുള്ളത്. ശേഷിക്കുന്ന 131590/- രൂപയുടെ മരുന്നുകൾ സ്റ്റോക്കിലെടുത്ത് ബില്ലുകളുടെ പകർപ്പ് സഹിതം അറിയിക്കേണ്ടതാണ്.

## 1-32 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - കേരളത്തിലെ മാലിന്യ സംസ്കരണം ഹരിത കർമ്മ സേനയിലൂടെ-

നവകേരള നിർമാണ പദ്ധതിയുടെ ഭാഗമായി സംസ്ഥാനം ഏറ്റെടുത്തിട്ടുള്ള സുസ്ഥിര വികസന ലക്ഷ്യങ്ങളായ പാർപ്പിടം, കുടിവെള്ളം, മാലിന്യ സംസ്ക്കരണം, പൊതുജനാരോഗ്യം, പരിസ്ഥിതി സംരക്ഷണം തുടങ്ങിയ മേഖലകളിൽ ഗ്രാമപഞ്ചായത്ത് വിവിധ പ്രോജക്ടുകളിലൂടെ ശ്രദ്ധേയമായ നേട്ടങ്ങൾ ഇതിനോടകം കൈവരിച്ചിട്ടുണ്ട്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 166-ാം വകുപ്പിന് കീഴിലുള്ള മൂന്നാം പട്ടികയിൽ പ്രതിപാദിക്കുന്ന, ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽ ഉൾപ്പെട്ട വിഷയമാണ് മാലിന്യ സംസ്ക്കരണം. മുൻകാലങ്ങളിൽ നിരത്തുകൾ വൃത്തിയാക്കുന്നതിൽ മാത്രം ഒതുങ്ങി നിന്നിരുന്ന മാലിന്യ സംസ്ക്കരണ നടപടികൾ നിലവിൽ അവയുടെ ഉറവിടങ്ങളിലേക്ക് എത്തി മാലിന്യം ശാസ്ത്രീയമായി സംസ്ക്കരിച്ച് പരിസ്ഥിതിയ്ക്ക് അനുയോജ്യമായ രീതിയിൽ പരിപാലിയ്ക്കുന്ന നിലയിലേയ്ക്ക് എത്തിച്ചേർന്നിട്ടുണ്ട്. എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം എന്ന മുദ്രാവാക്യം ജനങ്ങളിൽ മാലിന്യ സംസ്ക്കരണത്തിന്റെ അനിവാര്യത ബോധ്യപ്പെടുത്തുന്നതിൽ ഏറെ സഹായകരമായിട്ടുണ്ട്. പതിനഞ്ച് വാർഡുകൾ ഉൾക്കൊള്ളുന്നതാണ് നെടുംകുന്നം ഗ്രാമപഞ്ചായത്ത്. ജനസംഖ്യ 21700 ആണ്. 15 വാർഡുകളിലേക്കായി 23 ഹരിതകർമ്മസേനാംഗങ്ങൾ നിലവിൽ മാലിന്യ സംസ്കരണത്തിൽ പങ്കാളികളാകുന്നു.

**മാലിന്യസംസ്ക്കരണവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തിയിട്ടുള്ള അടിസ്ഥാന സംവിധാനങ്ങൾ**

1) ഓരോ വാർഡിലും 2 മിനി എം സി എഫ് വീതം ആകെ 30 മിനി എം സി എഫുകൾ സ്ഥാപിച്ചിട്ടുണ്ട്.

2) സ്റ്റോറേജ്, സോർട്ടിങ്ങ് ഏരിയ, ശുചിമുറി, റോഡ് സൗകര്യമുള്ള എം സി എഫ് പഞ്ചായത്ത് മാർക്കറ്റിലെ കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ട്.

3) ഖരമാലിന്യ പരിപാലനത്തിനായി പഞ്ചായത്തിന് സ്വന്തമായി വാഹനം ഉണ്ട്.

മാലിന്യസംസ്ക്കരണവുമായി ബന്ധപ്പെട്ട് കഴിഞ്ഞ അഞ്ച് വർഷങ്ങളിലായി ഗ്രാമപഞ്ചായത്ത് 19,15,067/-രൂപ ചെലവഴിച്ചിരുന്നു.

**<u>ഹരിത കർമ സേന പ്രവർത്തനങ്ങൾ</u>**

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 12.08.2020ലെ ജി.ഒ.(ആർ.ടി) 1496/2020 നമ്പർ ഉത്തരവ് പ്രകാരം രൂപീകൃതമായ ഹരിത കർമ സേനയുടെ പ്രവർത്തനങ്ങൾ മാലിന്യ സംസ്ക്കരണ മേഖലയിൽ വിപ്ലവകരമായ മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത്. ആകെ 23 സേനാംഗങ്ങളാണ് നിലവിലുള്ളത്. സ്മാർട്ട് ഗാർബേജ് ആപ്പ് മുഖേന മാലിന്യ ശേഖരണത്തിനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വീടുകളിൽനിന്നും 50/-രൂപ, സ്ഥാപനങ്ങളിൽ നിന്നും 100/-രൂപ എന്ന നിരക്കിൽ യൂസർ ഫീ ഈടാക്കി ഇവർ വീടുകളിൽ നിന്നും, വ്യാപാര സ്ഥാപനങ്ങളിൽ നിന്നും അജൈവ മാലിന്യങ്ങൾ (പ്ലാസ്റ്റിക്, കുപ്പിച്ചില്ല്, റബ്ബർ ഉത്പന്നങ്ങൾ മുതലായവ) ശേഖരിച്ച് പ്രാഥമികമായി മിനി എം.സി.എഫ്.-കളിൽ സൂക്ഷിച്ച്, തുടർന്ന് മെയിൻ എം.സി.എഫ്-ൽ എത്തിച്ച് തരം തിരിക്കുന്നു. തുടർന്ന് മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനിയ്ക്ക് കൈമാറുന്നു. നിലവിൽ മാസത്തിലൊരിക്കലോ രണ്ട് മാസം കൂടുമ്പോഴോ ആണ് ക്ലീൻ കേരള കമ്പനി മാലിന്യം കൊണ്ടുപോകുന്നത്. ലെഗസി മാലിന്യവും തരം തിരിച്ച മാലിന്യവും ക്ലീൻ കേരളയ്ക്ക് കൈമാറി നൽകി വരുന്നു.

**മാലിന്യങ്ങൾ വലിച്ചെറിയുന്നത് നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടികൾ**

നിരോധിത പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ വിൽപ്പന തടയുന്നതിനായി പഞ്ചായത്ത് തല എൻഫോഴ്സ്മെന്റ് സ്ക്വാഡ് പരിശോധന നടത്തുന്നുണ്ട്. മുഴുവൻ വ്യാപാര സ്ഥാപനങ്ങൾക്കും ഇത് സംബന്ധിച്ച നോട്ടീസ് നൽകുകയും വ്യാപാരികളിൽ നിന്നും ഇത് സംബന്ധിച്ച സത്യപ്രസ്താവന വാങ്ങുന്നുമുണ്ട്. മാലിന്യം അലക്ഷ്യമായി വലിച്ചെറിഞ്ഞവർക്കെതിരെ പിഴ ചുമത്തി 30000/- രൂപ ഈടാക്കിയിട്ടുണ്ട്. നീറ്റ് നെടുങ്കുന്നം എന്ന പേരിൽ മാലിന്യനിർമ്മാർജ്ജന അവബോധം പൊതുജനങ്ങളിൽ സൃഷ്ടിക്കുക എന്ന ഉദ്ദേശത്തോടെ കാമ്പയിൽ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിരുന്നു.

**തൊഴിൽ സൃഷ്ടിക്കൽ**

23 അംഗങ്ങൾ ഉൾപ്പെടുന്ന ഹരിതകർമ്മസേനയാണ് ഗ്രാമപഞ്ചായത്തിനുള്ളത്. ഹരിത കർമ്മ സേനയുടെ പ്രവർത്തനങ്ങളും സാമ്പത്തിക ഇടപാടുകൾ നിയന്ത്രിക്കുന്നതിനുമായി ഹരിത കർമ്മ കൺസോർഷ്യം നിലവിലുണ്ട്. ഇതിനായി കാനറാബാങ്കിന്റെ കറുകച്ചാൽ ശാഖയിൽ 3478101005166 നമ്പരായി അക്കൗണ്ട് തുടങ്ങുകയും അതിലൂടെ ഇടപാടുകൾ നടത്തുകയും ചെയ്യുന്നു. ലെഗസി വേസ്റ്റ് ക്ലീൻ കേരളക്ക് കൈമാറുമ്പോൾ ലഭിക്കുന്ന തുകയും ബാങ്ക് അക്കൗണ്ടിലാണ് ലഭ്യമാകുന്നത്. അക്കൗണ്ട് യൂസർ ഫീ ആയി ലഭിക്കുന്നതിൽ പത്ത് ശതമാനം കൺസോർഷ്യത്തിന്റ പ്രവർത്തനങ്ങൾക്കായി നീക്കിവെച്ച ശേഷമുള്ള തുക സേനാംഗങ്ങളുടെ ശമ്പളത്തിനായി വിനിയോഗിക്കുന്നു. ഓരോ സേനാംഗത്തിനും നിലവിൽ ശരാശരി 10840/- രൂപയോ അതിനടുത്തോ ഉള്ള തുക വരുമാനമായി ലഭിക്കുന്നു. അംഗങ്ങളുടെ വരുമാന വർദ്ധനവിനായി ജൈവമാലിന്യസംസ്കരണ/ജൈവവള നിർമ്മാണ പ്ലാന്റുകൾ സ്ഥാപിച്ചിട്ടില്ല.

**അടിസ്ഥാന സൗകര്യങ്ങൾ**

ശുചീകരണമേഖലയിൽ വിനിയോഗിക്കാൻ ഇലക്ട്രിക് വാഹനം പഞ്ചായത്തിൽ നിലവിലുണ്ട്. ഖരമാലിന്യ പരിപാലനത്തിനായി പഞ്ചായത്തിന് സ്വന്തമായി വാഹനം ഉണ്ട്. കുടുംബശ്രീ മുഖാന്തിരം ഡ്രൈവിങ്ങ് പരിശീലനം നൽകിയിട്ടില്ല. വാഹനത്തിന് ഇന്ധനം, അറ്റകുറ്റപ്പണികൾ, എന്നിവക്ക് തുക പദ്ധതി മുഖേന നൽകി വരുന്നുണ്ട്.

**പരിശീലനവും വികസനവും**

ഹരിതകർമ്മസേന അംഗങ്ങൾക്ക് അജൈവ പാഴ് വസ്തുക്കൾ തരംതിരിക്കൽ, ഹരിതമിത്രം ആപ് ഉപയോഗിക്കൽ എന്നിവയിൽ പരിശീലനം നൽകിയിട്ടുണ്ട്. എന്നാൽ യൂസർ ഫീ മുഖേനെയുള്ള വരവുകൾ കൃത്യമായി കൈകാര്യം ചെയ്യുന്നതിന് പരിശീലനം നൽകിയിട്ടില്ല. നിലവിൽ ക്യൂ ആർ കോഡ് സ്ഥാപിയ്ക്കൽ പൂർത്തിയായിട്ടുണ്ട്.

മാലിന്യം തരം തിരിക്കുന്നവേളയിൽ സേനാംഗങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി ഗ്ലൗസ്, മാസ്ക്, ബൂട്ട് എന്നിവ നൽകിയിട്ടുണ്ട്. കൂടാതെ ആവശ്യമായ മുൻകരുതൽ സ്വീകരിക്കുവാൻ പരിശീലനവും നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിനെ മാലിന്യമുക്തമാക്കാൻ ഹരിതകർമ്മസേനയുടെ പ്രവർത്തനം വലിയ സഹായമാണ്. ഇതുമൂലം നിരവധികുടുംബങ്ങൾക്ക് താരതമ്യേന കുറഞ്ഞ നിരക്കിലെങ്കിലും ഒരു സാമ്പത്തിക നേട്ടം ഉണ്ടാക്കാനായിട്ടുണ്ട്. ഹരിതകർമ്മസേനയുടെ പ്രവർത്തനം ഗ്രാമീണ മേഖലയെ ഒരുപരിധിവരെ മാലിന്യമുക്തമാക്കുന്നതിനും ശുചിത്വത്തിന്റെ പ്രാധാന്യം പൊതുജനശ്രദ്ധയിൽ കൊണ്ടുവരുന്നതിനും സാധിക്കുന്നുവെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. ഗ്രാമപഞ്ചായത്തിലെ എല്ലാ പൗരൻമാരും

മാലിന്യസംസ്കരണത്തിൽ പങ്കാളികളായെങ്കിൽ മാത്രമേ പദ്ധതികളിലൂടെ പ്രതീക്ഷിക്കുന്ന ലക്ഷ്യം നേടാൻ സാധിക്കുകയുള്ളൂ. അലക്ഷ്യമായി മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നവർക്കെതിരെയുള്ള ശിക്ഷണനടപടികൾ കാര്യക്ഷമമാക്കാൻ ഹരിതകർമ്മസേനയെ കൂടുതൽ സജ്ജരാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

**<u>ഹരിത കർമസേനാപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള പ്രധാന ശുപാർശകൾ</u>**

. യൂസർഫീ കളക്ഷൻ മാലിന്യക്കൈമാറ്റ പ്രക്രിയകൾ ഓൺലൈൻ സംവിധാനത്തിലേക്ക് മാറ്റുന്നതിനാവിഷ്ക്കരിച്ച പദ്ധതി പ്രവൃത്തി പഥത്തിലെത്തിക്കാൻ അടിയന്തിര ശ്രമങ്ങൾ നടത്തേണ്ടതുണ്ട്.
. പ്രവർത്തന കലണ്ടർ അനുസരിച്ച് വിവിധ മാലിന്യങ്ങളുടെ ശേഖരണം കർശനമാക്കി ഗാർഹിക- വാണിജ്യ സ്ഥാപനങ്ങളിൽ അവ കെട്ടിക്കിടക്കുന്നത് ഒഴിവാക്കാവുന്നതാണ്.
. പൊതു സ്ഥലങ്ങളിൽ മാലിന്യങ്ങൾ വലിച്ചെറിയുന്നവർക്കെതിരെ 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 220(C) അനുസരിച്ചുള്ള ശിക്ഷാ രീതികൾ കർശനമാക്കേണ്ടതാണ്.
. ഹരിത കർമസേനാംഗങ്ങൾക്ക് ആരോഗ്യ പരിരക്ഷാ പദ്ധതികൾ, ഇ.എസ്.ഐ സൗകര്യം, നിശ്ചിത കാലയളവിൽ സൗജന്യ ആരോഗ്യ പരിശോധനകൾ എന്നിവ ഉറപ്പു വരുത്താവുന്നതാണ്.
. വിവാഹ സത്ക്കാരങ്ങൾ, ഉത്സവാഘോഷങ്ങൾ എന്നിവ ഹരിത പെരുമാറ്റ ചട്ടം (Green Protocol) പാലിക്കുന്നുവെന്ന് ഉറപ്പു വരുത്താൻ ഹരിതകർമ സേനാംഗങ്ങളുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.
. ഹരിതകർമസേനാംഗങ്ങളുടെ തൊഴിൽമാന്യത ഉറപ്പു വരുത്തുന്നതിനാവശ്യമായ നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ സ്വീകരിക്കേണ്ടതാണ്.
. ഹരിത കർമസേനാംഗങ്ങൾക്കിടയിലുള്ള പരാതികൾ പരിഹരിക്കുന്നതിന് ഒരു പരാതി പരിഹാര സമിതി രൂപീകരിക്കാവുന്നതാണ്.
. ഹരിതകർമസേനാംഗങ്ങൾക്ക് വരുമാനദായകമായ സംരംഭങ്ങൾ തുടങ്ങാൻ ധനസഹായം അനുവദിക്കുന്ന പ്രോജക്ടുകൾ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.
. സാമ്പത്തിക കൈകാര്യ വിഷയങ്ങളിൽ കൂടുതൽ പരിശീലനങ്ങൾ നൽകാവുന്നതാണ്.

## <u>ഭാഗം -2</u>

# <u>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

<u>[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]</u>

ഇല്ല.

## <u>ഭാഗം -3</u>

# <u>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

<u>[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]</u>

## 3-1 ഇന്റർലോക്ക് പേവർ ബ്ലോക്ക് പാകൽ-മോർഡ് സ്പെസിഫിക്കേഷൻ /ഡാറ്റ അടിസ്ഥാനമാക്കാത്തതിനാൽ അധികച്ചെലവ്

ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ കോമ്പൗണ്ടിൽ ഇന്റർലോക്ക് വിരിക്കൽ എന്ന പ്രൊജക്റ്റിന്റെ ഭാഗമായി 80mm ഇന്റർലോക്ക് പേവർ ബ്ലോക്ക് 17 M X 4.8 M അളവിൽ പാകുന്നതിന് ആവിഷ്ക്കരിച്ച് നടപ്പാക്കിയ പ്രവൃത്തിയാണിത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം. | 176/2023-24 |
| കരാറുകാരൻ | ശ്രീ. സുദീപ് എസ് |
| അടങ്കൽ | ₹150000/-തനത് ഫണ്ട് |
| കരാർ നം | 37/AE/LsGD/NKM/Dt. 15.02.2023 |
| അളവു പുസ്തകം | E-M Book 102213/2022 |
| അകെ ചെലവഴിച്ച തുക | ₹138104/- |
| ബിൽ വിശദാംശങ്ങൾ | ₹138104/- Vr No 22300604/ 31.10.2023 |
| | Cheque No. 11382/26.10.2023 |

മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ഇനം 3 പ്രകാരം 80 Mm Thick Factory Made Cement Concrete Interlocking Paver Block ഉപയോഗിച്ചുള്ള പ്രവൃത്തിക്ക് ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കി (OD362475/ 2023-24) ₹1132.78/ $M^2$ നിരക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. എന്നാൽ ഇതേ ഇനം പ്രവൃത്തിക്ക് MORD Data 6.7.1 പ്രകാരം അംഗീകരിക്കപ്പെട്ട നിരക്ക് ലഭ്യമാണ്. ഇതുപ്രകാരം പ്രസ്തുത ഇനത്തിന് ബാധകമായ നിരക്ക് ₹990.264/M2 ആണ്.

MORD Data പ്രകാരം അംഗീകരിക്കപ്പെട്ട നിരക്ക് പരിഗണിക്കാതെ ഉയർന്ന നിരക്കിൽ ഒബ്സർവ്ഡ് ഡാറ്റാ തയ്യാറാക്കി പ്രവൃത്തി നടത്തിയത് മൂലം പഞ്ചായത്തിന് അധികച്ചെലവുണ്ടായതിന്റെ വിശദ വിവരം താഴെ നൽകുന്നു.

| Interlock ചെയ്ത അളവ് (Item 3) | Observed Data പ്രകാരം അനുവദിച്ച തുക | MORD Data 6.7.1പ്രകാരം അനുവദിക്കാവുന്ന തുക | അധികം നൽകിയ തുക(Tender Excess 10% ഉൾപ്പടെ) | GST(18%) |
|---|---|---|---|---|
| 81.600M2 | 1132.78/M2 =92434.85 | 990.264/M2 =80805.54 | 11629.307 | 2093.275 |

പ്രസ്തുത ഇനത്തിന് MORD Data നിലവിലുണ്ടായിരിക്കെ ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കി പ്രവൃത്തി നടത്തിയതുവഴി ഗ്രാമപഞ്ചായത്തിന് അധികച്ചെലവുണ്ടായ നടപടിക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ

ഓഡിറ്റ് എൻക്വയറിക്ക് (നം.19/തീ. 14.11.2024) ടി ഐറ്റം DAR CIVIL ലഭ്യമല്ലാത്തതുകൊണ്ട് OD ആയി തയ്യാറാക്കേണ്ട ആവശ്യകത ഉണ്ടായിരുന്നു എന്ന് മറുപടി നൽകിയിരുന്നു. എന്നാൽ ടി മറുപടി അംഗീകരിക്കാവുന്നതല്ല. ചീഫ് എഞ്ചിനീയറുടെ വെബ്സൈറ്റിൽ പ്രൈസിൽ ലഭ്യമായ MORD 2018ൽ 6.7.1 ആയി പ്രസ്തുത ഇനം ലഭ്യമാകുന്നതായിരുന്നു. പ്രവൃത്തിക്ക് MORD Data നിലവിലുണ്ടായിരിക്കെ ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കി പ്രവൃത്തി നടത്തിയതുവഴി ഗ്രാമപഞ്ചായത്തിന് സംഭവിച്ച അധികച്ചെലവ് (11629+2093= ₹13722) എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ സാങ്കേതികാനുമതി നൽകിയ അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

ബി) സംസ്ഥാനത്ത് പ്രികാസ്റ്റ് കോൺക്രീറ്റ് പേവർ ബ്ലോക്ക് ഉപയോഗിച്ചുള്ള റോഡ്, യാർഡ്, ഫുട്പാത്ത് പ്രവൃത്തികൾക്ക് 5 വർഷത്തിൽ കുറയാത്ത ഡിഫക്റ്റ് ലയബിലിറ്റി കാലയളവ് (DLP) ഉണ്ടായിരിക്കേണ്ടതാണെന്ന് Finance (Inspection Wing -Technical) Department-ന്റെ 06.04.2022-ലെ 31/2022/ Fin നമ്പർ സർക്കുലർ പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. മേൽ പ്രവൃത്തിക്ക് 5 വർഷ ഡിഫക്റ്റ് ലയബിലിറ്റി കാലയളവ് ഉറപ്പുവരുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യ പത്രിക- ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

2023-24ലെ വാർഷിക ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 06/11/2024,07/11/2024 തീയതികളിൽ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ ഓഡിറ്റ് സാക്ഷ്യപത്രം ഈ റിപ്പോർട്ടിന്റെ ഖണ്ഡിക 1-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇംഗ്ലീഷിലുള്ള ഓഡിറ്റ് സാക്ഷ്യപത്രം (Financial Audit Certificate 2023-24) അനുബന്ധം-1 ആയും ചേർത്തിട്ടുണ്ട്. സർക്കാർ/പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. ഓഡിറ്റ് ചെയ്ത 2023-24 വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2024-ലെ ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം ഈ റിപ്പോർട്ടിന്റെ അനുബന്ധങ്ങളായി ചേർത്തിരിക്കുന്നു.

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

2023-24 വർഷം സംയുക്ത പ്രോജക്ടിനായി കോട്ടയം ജില്ലാ പഞ്ചായത്തിൽ നിന്ന് 15,27,821/- രൂപയും വാഴൂർ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും പ്രോജക്ട് 28,03,570/- രൂപയും ലഭിച്ചിട്ടുണ്ട്. സംയുക്ത പ്രോജക്ട് ഫണ്ടിന്റെ വിനിമയം ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു

| തുക നല്കിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര്(നം.) | ചെലവ് | ബാക്കി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| വാഴൂർ ബ്ലോക്ക് പഞ്ചായത്ത് | 9,84,000/- | ലൈഫ് മിഷൻ – ഭവന നിർമ്മാണം (പട്ടികജാതി) (33/24) | 9,84,000/- | 0 |
| | 94000/- | ലൈഫ് മിഷൻ ഭവനനിർമ്മാണം പട്ടികവർഗം (100/24) | 94000/- | 0 |
| | 469570/- | ലൈഫ് മിഷൻ 3ആം ഘട്ടം(144/24) | 469570/- | 0 |
| | 2,40,000/- | ലൈഫ് മിഷൻ ഭവന നിർമ്മാണം - ജനറൽ (149/24) | 2,40,000/- | 0 |
| | 1,25,000/- | അങ്കണവാടി പോഷകാഹാരം (72/24) | 1,25,000/- | 0 |
| | 1,83,000/- | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് (220/24) | 1,83,000/- | 0 |
| | 4,00,000/- | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (47/24) | 4,00,000/- | 0 |
| | 308000 | കറവപശുക്കൾക്ക് കാലിത്തീറ്റ(90/24) | 308000 | |
| | **28,03,570/-** | **ആകെ ബ്ലോക്ക് വിഹിതം** | **28,03,570/-** | **0** |
| കോട്ടയം ജില്ല പഞ്ചായത്ത് | 10,10,000/- | ലൈഫ് മിഷൻ ഭവനനിർമ്മാണം പട്ടികജാതി (33/24) | 10,10,000/- | 0 |
| | 80000/- | ലൈഫ് മിഷൻ ഭവനനിർമ്മാണം - പട്ടികവർഗ്ഗം (100/24) | 80000/- | 0 |
| | 100,000/- | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് (220/24) | 100,000/- | 0 |

| | | | | |
|---|---|---|---|---|
| | 337821/- | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (47/24) | 337821/- | 0 |
| | **15,27,821/-** | **ജില്ല പഞ്ചായത്ത് വിഹിതം** | **15,27,821/-** | **0** |

ജില്ല-ബ്ലോക്ക് വിഹിതങ്ങൾ വിനിയോഗിച്ച പ്രോജക്ടുകൾ എല്ലാം റവന്യൂ ചെലവുകളാണ്. പ്രോജക്ട് മാപ്പിങ്ങിലൂടെ നേരിട്ട് ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് പ്രോജക്ട് ചെലവ് തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുകയാണ് ചെയ്തിരിക്കുന്നത്.

## 4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു..

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് (പ്രോജക്ട് നം.) | മുൻകൂർ നൽകിയത് | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കി |
|---|---|---|---|---|
| PWD (ELECTRONICS) | ഗ്രാമപഞ്ചായത്ത് ഓഫീസിൽ CCTV ക്യാമറ സ്ഥാപിക്കൽ (233/24) | 155000/- | ഇല്ല | 155000/- |
| | ഹരിതസേവ കേന്ദ്രത്തിന് സമീപം സുരക്ഷ ക്യാമറ സ്ഥാപിക്കൽ (138/24) | 167000/- | ഇല്ല | 167000/- |
| ആകെ | | 3,22,000/- | | 3,22,000/- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

2023-24 സാമ്പത്തിക വർഷം പഞ്ചായത്ത് 887000 രൂപ KURDFC യിൽ നിന്ന് വായ്പയെടുത്തിട്ടുണ്ട്. വായ്പ മുന്നിരിപ്പ്, വായ്പ തിരിച്ചടവിനായി വികസന ഫണ്ട് സ്രോതസ്സിൽ കുറവ് ചെയ്തത് എന്നിവയുടെ വിശദവിവരം പഞ്ചായത്തിലെ ലോൺ രജിസ്റ്റർ പ്രകാരമുള്ളത് താഴെ കൊടുക്കുന്നു.മുൻ വർഷങ്ങളിൽ വികസന ഫണ്ട് (SCSP)-യിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുക വായ്പ തിരിച്ചടവായി ക്രമീകരിച്ചിട്ടില്ല.

| വായ്പയുടെ പേര് /ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | 01/04/2023- തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | 2023-24 വർഷം എടുത്ത വായ്പ | തൻവർഷം തിരിച്ചടച്ച തുക | | 31/03/2024 തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി ഹഡ്കോ വായ്പ(KURDFC) | സ.ഉ.(സാധാ) 6105/2019/ ധന 01/08/2018 | 5,128,762/- | 88,70,000/- | 20,47,865/- | - | 1,19,50,897/- |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

നെടുംകുന്നം ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തെ ധനകാര്യ പത്രിക പ്രകാരം സ്ഥിരനിക്ഷേപ (Fixed Deposits) കണക്കുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | **24,55,860**/- |
| തൻവർഷം നിക്ഷേപിച്ച തുക(ആരംഭിച്ച നിക്ഷേപം) | ഇല്ല |
| തൻവർഷം ലഭിച്ച പലിശ(മുതലിൽ ചേർത്ത് പുതുക്കി) | **1,17062/-** |
| ആകെ | **2572922**/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| 31/03/2024-ൽ അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | **25,72,922-** |

ലഭ്യമാക്കിയ FD രസീതുകൾ പ്രകാരം The Nedumkunnam Regional Service Co-Operative Bank Ltd No.286 ബാങ്കിൽ രണ്ട് സ്ഥിരനിക്ഷേപങ്ങളും(അക്കൗണ്ട് നം.14871, 15916) Nedumkunnam South Service Co-Operative Bank Ltd No.1271 ലെ നെടുംകുന്നം പ്രഭാത സായാഹ്ന ശാഖയിൽ രണ്ട് സ്ഥിരനിക്ഷേപങ്ങളും(അക്കൗണ്ട് നം.882, 967) ഉൾപ്പടെ ആകെ നാല് സ്ഥിരനിക്ഷേപ അക്കൗണ്ടുകളുണ്ട്. 2023-24 വർഷത്തെ സ്ഥിരനിക്ഷേപത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | അക്കൗണ്ട് നമ്പർ | പലിശ നിരക്ക് | 01/04/2023 മുന്നിരിപ്പ് | 2023-24 നിക്ഷേപം | ആകെ നിക്ഷേപം | 2023-24 പിൻവലിച്ചത് | 31/03/2024 നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|
| 1. | 14871 | 8.25 % | 724,452/- | 56,145 | 7,80,597 | ഇല്ല | 7,80,597 |
| 2. | 15916 | 7.75 % | 472,689/- | 0 | 4,72,689 | ഇല്ല | 4,72,689 |
| 3. | 882 | 8.25 % | 786,032/- | 60,917 | 8,46,949 | ഇല്ല | 8,46,949 |
| 4. | 967 | 7 % | 472,687/- | 0 | 472,687/- | ഇല്ല | 4,72,687 |
| **ആകെ നിക്ഷേപം** | | | **2,455,860/-** | **1,17062/-** | **25,72,922/-** | **-** | **25,72,922/-** |

വാർഷിക ധനകാര്യപത്രിക പ്രകാരം സ്ഥിരനിക്ഷേപം 26,34,769/- രൂപയാണ്.ബാങ്ക് സ്റ്റേറ്റ്മെന്റിലെ തുകയുമായി 61,847/-രൂപയുടെ വ്യത്യാസം കാണുന്നു. Nedumkunnam Regional Service Co-Operative Bank Ltd No.286 ബാങ്കിലെ 15916,Nedumkunnam South Service Co-Operative Bank Ltd No.1271 ലെ നെടുംകുന്നം പ്രഭാത സായാഹ്ന ശാഖയിലെ 967 എന്നീ നമ്പർ സ്ഥിരനിക്ഷേപങ്ങൾ തൻവർഷം പുതുക്കാതിരുന്നതിൽ പലിശ ഇനത്തിൽ വരവ് വന്നിട്ടില്ല. രജിസ്റ്ററിൽ ഓരോ സാമ്പത്തിക വർഷവും നിക്ഷേപ കണക്കുകൾ ചേർക്കേണ്ടതും വർഷവസാനം കണക്കുകൾ ക്രോഡീകരിച്ച് സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

## 4-7 ഓഡിറ്റ് റിക്കവറി

2023-24 വാർഷിക ധനകാര്യ പത്രിക RP 10 ഷെഡ്യൂൾ 180400301 ശീർഷകത്തിൽ 25289/- രൂപ അക്കൗണ്ട് ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ രേഖകൾ സഹിതം ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ

നെടുംകുന്നം ഗ്രാമപഞ്ചായത്തിലെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ നിന്നും 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് 2022-23 വരെ പുറപ്പെടുവിച്ചിട്ടുള്ള സമാഹൃത റിപ്പോർട്ടുകളിൽ (Consolidated Audit Report-CAR) ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവ താഴെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2009-10 | 3-4 | 2012-13 | 4-4-1 | പൊങ്ങൻപാറ ജലസേചന പദ്ധതി- ആവിഷ്കരണത്തിൽ അപാകത-പദ്ധതി തുക പാഴ്ചെലവായി | നിയമസഭ സമിതി (2016-19) യുടെ 6-ാമത് റിപ്പോർട്ട് ഖ.42- പദ്ധതി നടത്തിപ്പിൽ സംഭവിച്ച ഗുരുതരമായ വീഴ്ച പഞ്ചായത്ത് ഡയറക്ടർ അന്വേഷണം നടത്തി |

| | | | | | |
|---|---|---|---|---|---|
| | | | | | മേൽനടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കണം. |
| 2014-15 | 2-3 | 2016-17 | അനുബന്ധം-3 | വസ്തുനികുതി അപാകതകൾ | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2014-15 | 2-8 | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി അപാകതകൾ | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2015-16 | 2-4, 2-5 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി അപാകതകൾ | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2019-20 | 1-30 | 2020-21 | അനുബന്ധം-2 | മെഡിക്കൽ ഓഫീസറുടെ പ്രോജക്ട്-മരുന്നുകൾ/ ഉപകരണങ്ങൾ ലഭ്യമായിട്ടില്ല. | നിയമസഭാ സമിതിയുടെ പരിഗണനയിൽ |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ ഈടാക്കിയ തുകയുടെ വിവരം.

തുകകളൊന്നും ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്-മുന്നിരിപ്പ് ഉൾപ്പടെ (റിസീറ്റ് & പേമെന്റ് പത്രിക പ്രകാരം) | : | 8,56,56,772/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (റിസീറ്റ് & പേമെന്റ് പത്രിക പ്രകാരം) | : | 5,17,09,602/- |

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരുമാനം (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | | 11,19,26,636/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | | 11,28,66,541/- |
| വരവിനങ്ങളിലുള്ള വ്യക്തമായ നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 13722/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 5,11,174/ |

(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 1-26 (3-1) | -- | 6861 | അക്ഷര.എസ്, അസി.എഞ്ചിനീയർ |
| | | 6861 | നിബുകുര്യൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| ആകെ | -- | 13722/- | |

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 10,300/- | ശ്രീ. സജിത്ത് റ്റി, സെക്രട്ടറി |
| 1-21 | 3,22,000/- | ശ്രീ. സജിത്ത്.റ്റി, സെക്രട്ടറി |

| | | |
|---|---|---|
| 1-27 | 61596/- | ശ്രീമതി ബിജി ചാക്കോ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-30 | 117278/- | ഡോ ഷാന്റിന മരിയം ചാക്കോ, മെഡിക്കൽ ഓഫീസർ(പിഎച്ച്സി) |
| ആകെ | 5,11,174/- | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

1-26 (3-1) – 2093 രൂപ (GST)

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല

**(ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>**

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| അക്ഷര.എസ്, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, നെടുംകുന്നം ഗ്രാമ പഞ്ചായത്ത് | വില്ലാദീപം പുത്തൻചത്ത വർക്കല |
| നിബുകുര്യൻ,അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്യിക്യൂട്ടീവ് എഞ്ചിനീയർ, വാഴൂർ ബ്ലോക്ക്പഞ്ചായത്ത് | ചെന്നിക്കരതാഴെ, അരീപ്പറമ്പ് പി ഒ കോട്ടയം |

## <u>4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ</u>

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ 31/10/2024 തീയതി വരെ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| | ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | |
| 2009-10 | കെ.എസ്.എ-കെ.ടി.എം.പി5-1549/2016(7)/30-12-2017 | 01 |
| 2012-13 | കെ.എസ്.എ-കെ.ടി.എം.പി5/അദാ-2022/1873(6)/2022/27-08-2022 | 01 |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി5/അദാ-2022/1873(4)/2022/27-08-2022 | 03 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി5/അദാ-2022/1873(7)/2022/27-08-2022 | 03 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി5/അദാ-2022/1182(9)/2022/05-08-2022 | 05 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി5/അദാ-2022/1182(10)/2022/27-08-2022 | 02 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി5/അദാ-2022/1873(9)/2022/27-08-2022 | 01 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി5/ | 01 |

| | | |
|---|---|---|
| | അദാ-2022/1873(11)/2022 /27-08-2022 | |
| 2019-20 | കെ.എസ്.എ- കെ.ടി.എം.പി5/ അദാ-2022/1873(12)/2022 /27-08-2022 | 01 |
| 2020-21 | കെ.എസ്.എ- കെ.ടി.എം.പി5- 2565/2022/18-04-2023 | 20 |
| 2021-22 | കെ.എസ്.എ- കെ.ടി.എം.പി5- 91/2023/27-05-2023 | 20 |
| 2022-23 | കെ.എസ്.എ.- കെ.ടി.എം.പി5- 2099/2023/26/12/2023 | 52 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം**

# Annexure-1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 1(1) dated 27-06-2024 and submitted on 13-09-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Nedumkunnam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Nedumkunnam Grama Panchayat as on 31-03-2024

**Date: 09/12/2024** **Deputy Director**

**Kerala State Audit Department**

## Audit Report appended to the Audit Certificate of Nedumkunnam Grama Panchayat for the Year 2023-2024.

### 1.Major Observations

1.General Fund Details not maintained. Opening Balance Receipt Payment (OBRP) data of asset and liability as on 01/04/2011 is not available. Source Data not available for the value of total general fund as on 31/03/2024.

2.Non Disclosure of Capital Contribution-Capital contribution opening balance details as on 01/04/2023 has not provided by authorised register or document.

3.Non Disclosure of Assets-Assets not classified and valuated and accounted-Asset Register is not updated upto 31/03/2024.

## 2.Other Observations

1.Fixed deposit accounted in AFS not match with bank statements.

2.Government and Other Dues Register has not kept.

3.Auction receipt accounted in Auction deposit head 340200102, instead of receipt head.

4.Festival advance accounted in B18 schedule is not correct.

5.Figures in MGNREGS Cashbook not tally with Annual Financial Statement.

**Deputy Director**
**District Audit Office Kottayam**
**Kerala State Audit Department**

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ നെടുങ്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്